**സബ്മിഷൻ**

1. <u>വിമാനത്തിൽവച്ച് കയ്യേറ്റം ചെയ്തതു സംബന്ധിച്ച്</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, 2022 ജൂൺ 13-ന് കണ്ണൂരിൽനിന്നും തിരുവനന്തപുരത്തേയ്ക്കുവന്ന ഇൻഡിഗോ എയർലൈൻസ് വിമാനം തിരുവനന്തപുരത്ത് ലാന്റ് ചെയ്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിമാനത്തിൽനിന്ന് ഇറങ്ങിയതിനുശേഷം പ്രതിഷേധ മുദ്രവാക്യം വിളിച്ച യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ ആ വിമാത്തിലുണ്ടായിരുന്ന എൽ.ഡി.എഫ്. കൺവീനർ ശ്രീ. ഇ. പി. ജയരാജൻ സഹയാത്രികരുടെ മുന്നിൽവച്ച് തള്ളിയിട്ട് ക്രൂരമായി മർദ്ദിക്കുകയുണ്ടായി. സീറ്റിൽനിന്ന് എഴുന്നേറ്റ് പ്രതിഷേധം, പ്രതിഷേധം എന്ന് മുദ്രാവക്യം വിളിച്ചതിന്റെ പേരിൽ ഈ യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരായി വധശ്രമത്തിനാണ് പോലീസ് കേസെടുത്തത്. അതിനുശേഷം ക്രൂരമായി മർദ്ദനമേറ്റ ഈ യൂത്ത് കോൺഗ്രസ് പ്രവർത്തകർ 24-06-2022-ൽ വലിയതുറ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും ഇതുവരെ ശ്രീ. ഇ. പി. ജയരാജന് എതിരായി ഒരു കേസും പോലീസ് എടുത്തിട്ടില്ല. വിമാനത്തിൽ നടന്ന പ്രതിഷേധത്തിന്റെ പേരിൽ ഇൻഡിഗോ

എയർലൈൻസ് അവരുടെ ഉന്നതരായ മൂന്ന് ഉദ്യോഗസ്ഥൻമാരുടെ ഒരു കമ്മിറ്റിയെവച്ചുകൊണ്ട് അന്വേഷണം നടത്തുകയും അതിന്റെ ഫലമായി ഈ യൂത്ത് കോൺഗ്രസ് പ്രവർത്തകർക്ക് രണ്ടാഴ്ചത്തേയ്ക്ക് വിമാന കമ്പിനി വിലക്ക് പ്രഖ്യാപിക്കുകയും ഇവരെ തള്ളിയിട്ട് ക്രൂരമായി മർദ്ദിച്ച ശ്രീ. ഇ. പി. ജയരാജന് മൂന്നാഴ്ചക്കാലത്തേയ്ക്ക് വിലക്ക് പ്രഖ്യാപിക്കുകയും ചെയ്തു. അവർ അവരുടെ സ്റ്റേറ്റുമെന്റിൽ പറഞ്ഞിരിക്കുന്നത് ഈ കുട്ടികൾ ചെയ്തത് ലെവൽ വൺ തെറ്റാണ്. അതായത് സിവിൽ ഏവിയേഷൻ റിക്വയർമെന്റ്സിന്റെ ലെവൽ വൺ. ശ്രീ. ഇ. പി. ജയരാജൻ ചെയ്തത് ലെവൽ ടൂ ഒഫൻസാണെന്നാണ് പറഞ്ഞിരിക്കുന്നത്. ലെവൽ വണ്ണിനേക്കാൾ ഗുരുതരമായ കുറ്റകൃത്യമാണ് ലെവൽ ടൂ. ലെവൽ വൺ എന്നുപറയുന്നത് While passing the order an Internal Committee which probed the incident held that the actions of the respondents were acts of Level 1 Unruly behaviour, physical gestures, verbal harassment.

The action of Mr. E. P. Jayarajan was considered as a level 2 Offence, which involves physically abusive behaviour (Pushing, kicking, hitting, grabbing) ഇതെല്ലാമാണ്. ഇതൊരു ക്രിമിനൽ

ഒഫെൻസാണ്. ഈ വിമാന കമ്പിനിതന്നെ നടത്തിയ അന്വേഷണത്തിലൂടെ ശ്രീ. ഇ. പി. ജയരാജൻ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ഒഫെൻസായിട്ടുള്ള വകുപ്പുകളെ ആകർഷിക്കുന്നതരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ടെന്നുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് അത് ലെവൽ ടൂ ഒഫെൻസായി കണക്കാക്കി അദ്ദേഹത്തിന് മൂന്നാഴ്ചത്തെ വിലക്ക് കൽപ്പിച്ചത്. അതുസംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പ്രതികരണമൊന്നും ഞാൻ ഇവിടെ പറയുന്നില്ല. അദ്ദേഹം ഒരുപാട് പ്രതികരണം നടത്തി. ഇൻഡിഗോ കമ്പനി പൂട്ടിപ്പോകുന്ന സ്ഥിതിയിലേയ്ക്കാകുമെന്ന് പറഞ്ഞു. സ്റ്റോക്ക് മാർക്കറ്റിൽ അവരുടെ ഷെയർ വാല്യു താഴ്ന്നുപോകുന്ന സ്ഥിതിയിലേക്കാകുമെന്ന് പറഞ്ഞു. അതൊന്നും ഇവിടുത്തെ വിഷയമല്ല. നമ്മുടെ വിഷയമെന്നുപറയുന്നത് കമ്പിനി നടത്തിയ അന്വേഷണത്തിൽത്തന്നെ ഈ കുറ്റകൃത്യം കൃത്യമായി വെളിവാക്കപ്പെട്ടിരിക്കുകയാണ്. പ്രതിഷേധം, പ്രതിഷേധം എന്ന് മുദ്രവാക്യം വിളിച്ചതിന്റെ പേരിൽ കുട്ടികൾക്കെതിരായി വധശ്രമത്തിന് കേസ് എടുത്ത പോലീസ്, ഫിസിക്കൽ ഫോഴ്സ് ഉപയോഗിച്ചതിന് ശ്രീ. ഇ. പി. ജയരാജന് എതിരായി അവർ കൊടുത്ത പരാതിയിൽ കേസ് എടുത്തില്ല. അതുകൊണ്ട് അടിയന്തരമായി യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ച എൽ.ഡി.എഫ്.

കൺവീനർ ശ്രീ. ഇ. പി. ജയരാജന് എതിരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ യാത്ര ചെയ്തപ്പോഴുണ്ടായ സംഭവമാണെന്നാണ് ആദ്യംതന്നെ പറയാനുള്ളത്. പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, ഞാൻ ഇറങ്ങിയതിനുശേഷമല്ല ഈ സംഭവമുണ്ടായത്. വിമാനം ലാൻഡ് ചെയ്തുകഴിഞ്ഞപ്പോൾ അവർ സീറ്റിൽനിന്നും എഴുന്നേറ്റ് എന്റെയടുത്തേയ്ക്ക് വരാൻവേണ്ടി ശ്രമിക്കുന്നു. ആ സമയത്ത് മുദ്രാവാക്യമില്ല. സ്വാഭാവികമായും എയർഹോസ്റ്റസുമാർ ഇരിക്കാൻ പറയുന്നു. അവർ ഇരിക്കുന്നു. പിന്നെയും അവർ എഴുന്നേൽക്കുന്നു, ഇരിക്കുന്നു. പിന്നീട് അവർ നീങ്ങുന്നത് എപ്പോഴാണ്? സാധാരണനിലയിൽ സീറ്റ് ബെൽറ്റിന്റെ ചിഹ്നം ഓഫായാലാണ് ഇൻഡിഗോ എയർലൈൻസിലൊക്കെ ആളുകൾ എഴുന്നേൽക്കാറുള്ളത്. അതവർ കൃത്യമായി പറയാറുമുണ്ട്. പക്ഷേ അതിന് കുറച്ച് സമയമെടുക്കും. ഇവിടെ സീറ്റ് ബെൽറ്റ് ചിഹ്നം പോയ ഉടൻതന്നെ അവർ ചാടി വരികയാണ്. അപ്പോൾ വിമാനം അവിടെ നിന്നതേയുള്ളൂ. ആരും ഇറങ്ങിയിട്ടില്ല. ഡോർ

പോലും തുറന്നിട്ടില്ലെന്നുള്ളതാണ് വസ്തുത. യഥാർത്ഥത്തിൽ ആ യാത്രക്കിടെ മുഖ്യമന്ത്രിയെ ആക്രമിക്കാനും കയ്യേറ്റം ചെയ്യാനും ശ്രമിക്കുന്ന നിലയാണുണ്ടായിട്ടുള്ളത്. ആ സംഭവത്തിൽ അക്രമികളെ തടഞ്ഞപ്പോൾ മുഖ്യമന്ത്രിയുടെ അംഗരക്ഷകനായ ശ്രീ. എസ്. അനിൽ കുമാർ, പേഴ്സണൽ അസിസ്റ്റന്റ് ശ്രീ. വി. എം. സുനീഷ് എന്നിവർക്ക് പരിക്കേറ്റിട്ടുണ്ട്. സംഭവത്തിൽ തിരുവനന്തപുരം വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 511/2022 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. ആ കേസന്വേഷണത്തിന്റെ ഭാഗമായി മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്യുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പോലീസിന്റെ റിപ്പോർട്ട് അനുസരിച്ച് അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ അന്വേഷണ ഉദ്യോഗസ്ഥരോടോ കോടതിയിൽ ഹാജരാക്കിയപ്പോൾ ബഹുമാനപ്പെട്ട കോടതി മുമ്പാകെയോ തങ്ങളെ ആരെങ്കിലും ആക്രമിച്ചതായി യാതൊരുവിധ പരാതിയും പറഞ്ഞിട്ടില്ല. ഗൗരവമേറിയ കുറ്റകൃത്യത്തിൽ കേസിലെ തുടർനടപടികളിൽനിന്നും ഒഴിവാക്കപ്പെടുന്നതിനും കുറ്റകൃത്യത്തിന്റെ ഗൗരവം ലഘൂകരിക്കുന്നതിനുംവേണ്ടി പ്രതികൾ ദിവസങ്ങൾക്കുശേഷം തങ്ങളെ ആക്രമിച്ചുവെന്ന് പറഞ്ഞുകൊണ്ട് ഒരു പരാതി നൽകുകയാണുണ്ടായത്.

പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുള്ളതും വസ്തുതകൾക്ക് വിരുദ്ധമായ കാര്യങ്ങളായതിനാൽ ഇക്കാര്യത്തിൽ പ്രത്യേക കേസ് രജിസ്റ്റർ ചെയ്യേണ്ട സാഹചര്യം നിലവിലില്ലെന്നുമാണ് പോലീസ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾക്കുപുറമെ വിമാനത്തിനകത്തുള്ള സംഭവമാകയാൽ " The Suppression of Unlawful Acts Against Safety of Civil Aviation Act, 1982" എന്ന നിയമത്തിലെ പത്താം വകുപ്പിൽ പറയുന്ന ഒരു ഭാഗം ഞാൻ ഉദ്ധരിക്കാം.

10. " Protection of action taken in good faith.– (1) No suit, prosecution or other legal proceeding shall lie against any person for anything which is in good faith done or intended to be done in pursuance of the provisions of this Act."

ഈ നിയമമനുസരിച്ച് മുഖ്യമന്ത്രിയെ ആക്രമിക്കാൻ ഓടിയടുക്കുന്ന അക്രമികളെ സദുദ്ദേശ്യത്തോടെ തടഞ്ഞവർക്കെതിരായി യാതൊരുവിധ നിയമനടപടികളും നിലനിൽക്കുന്നില്ല എന്നതുകൂടി വ്യക്തമാണ്. വളരെ ആസൂത്രിതമായാണ് ഇത്തരമൊരു സംഭവം വിമാനത്തിൽവച്ച് നടത്താൻ

യൂത്ത് കോൺഗ്രസ് നേതാക്കൾ പദ്ധതിയിട്ടതെന്നാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. യൂത്ത് കോൺഗ്രസിന്റെ ഔദ്യോഗിക വാട്ട്സാപ്പ് ഗ്രൂപ്പ് ഉപയോഗിച്ചാണ് അക്രമപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളതെന്നും ഒരു മുൻ എം.എൽ.എ. കൂടിയായ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന ഭാരവാഹി (അദ്ദേഹത്തിന്റെ സന്ദേശത്തിലുള്ള ഉദ്ധരണിയാണ്) " സി.എം. കണ്ണൂർ-ട്രിവാൻഡ്രം ഫ്ലൈറ്റിൽ വരുന്നുണ്ട്. രണ്ടുപേർ ഫ്ലൈറ്റിൽ കയറി കരിങ്കൊടി കാണിച്ചാൽ എന്തായാലും ഫ്ലൈറ്റിൽനിന്നും പുറത്തിറക്കാൻ കഴിയില്ലല്ലോ" എന്ന് ആഹ്വാനം ചെയ്യുകയും തുടർന്ന് ഒരാൾക്ക് പതിമൂവായിരം രൂപയോളം ചാർജ്ജുവരുന്ന ടിക്കറ്റ് മൂന്നുപേർക്കുവേണ്ടി സ്പോൺസറെ നിശ്ചയിച്ച് സംഘടിപ്പിക്കുകയും ചെയ്തു. വിമാന യാത്രക്കാർക്കുവേണ്ടി പൊതുവിലും മുഖ്യമന്ത്രിക്കുവേണ്ടിയുള്ള എല്ലാ സുരക്ഷാ സംവിധാനങ്ങളെയും കബളിപ്പിച്ചുകൊണ്ട് അക്രമം നടത്താനുള്ള ലക്ഷ്യത്തോടെ അക്രമികൾ വിമാനത്തിൽ കയറുകയാണുണ്ടായത്. വിമാനം തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറങ്ങിയശേഷം അക്രമികൾ മുഖ്യമന്ത്രിയെ ലക്ഷ്യംവച്ചുകൊണ്ട് സീറ്റിൽനിന്നും എഴുന്നേറ്റ് മുന്നോട്ട് കുതിക്കാൻ ശ്രമിച്ചപ്പോൾ

എയർഹോസ്റ്റസുമാർ വിലക്കിയെങ്കിലും അതിനെ വകവയ്ക്കാതെ മുഖ്യമന്ത്രിക്കുനേരേ അവർ നീങ്ങുകയാണുണ്ടായത്. വിമാനത്തിൽ യാത്ര ചെയ്ത യാത്രക്കാരാകെ ഭയപ്പാടോടെയാണ് ഈ സംഭവത്തെ നോക്കിക്കണ്ടത്. ഈ സമയത്ത് മുൻ മന്ത്രിയും എൽ.ഡി.എഫ്. കൺവീനറുമായ ശ്രീ. ഇ. പി. ജയരാജൻ, മുഖ്യമന്ത്രിക്കുനേരെ പാഞ്ഞടുക്കുന്ന അക്രമികളെ തടയാൻ ശ്രമിച്ചു. അതും മറികടന്ന് മുഖ്യമന്ത്രിക്കുനേരെ ഓടിയടുത്ത അക്രമികളെ ശ്രീ. ഇ. പി. ജയരാജനും മുഖ്യമന്ത്രിയുടെ ഗൺമാനും മറ്റും അവസരോചിതമായി ഉയർന്ന് തടഞ്ഞതുകൊണ്ടുമാത്രമാണ് മുഖ്യമന്ത്രിക്കുനേരെ മറ്റ് അനിഷ്ട സംഭവങ്ങൾ നടക്കാതിരുന്നത്. ഞാനിവിടെ മറ്റ് സംഭവങ്ങളൊന്നും പറയുന്നില്ല. ഇതിന്റെ ഭാഗമായി നേരത്തെയുള്ള ധാരാളം കാര്യങ്ങൾ എനിക്ക് ഓർമ്മവരുന്നുണ്ട്. അതിലേയ്ക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. എന്നെ ലക്ഷ്യമിട്ടുകൊണ്ട് നടന്നിട്ടുള്ള ധാരാളം സംഭവങ്ങളുണ്ട്. അതിലേയ്ക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. ആക്രമണശ്രമം, വധശ്രമം എന്നൊക്കെ പറയുന്നത് ആദ്യമായിട്ടുള്ളതല്ല. ശ്രീ. സണ്ണി ജോസഫിനൊക്കെ അറിയാമെന്ന് തോന്നുന്നു. തോലമ്പ്ര വില്ലേജിലെ തൃക്കടാരിപൊയിൽ കോൺഗ്രസിന്റെ

അന്നത്തെ നേതാവ്, പേര് ഞാൻ പറയുന്നില്ല, എന്റെ നേരെയായിരുന്നു നിറയൊഴിച്ചത്. അത് അങ്ങേയ്ക്കറിയാമായിരിക്കും. മമ്പറത്ത് ഞാൻ നടന്നുപോകുമ്പോഴാണ് അതിന് മുകളിൽവച്ച് ഒരാൾ തോക്കെടുത്ത് ചൂണ്ടിയത്. നിറയൊഴിച്ചില്ല. ഈ രണ്ട് സമയങ്ങളിലും ഞാൻ എം.എൽ.എ. ആണ്. പരാതിപ്പെട്ടപ്പോൾ ഡിവൈ.എസ്.പി. അന്വേഷിച്ചിട്ട് അതൊരു കളിത്തോക്ക് ആയിരുന്നുവെന്നാണ് പറഞ്ഞത്. ഞാൻ നേരത്തെ താമസിച്ച വീട്ടിൽനിന്ന് എന്റെ നാട്ടിലെ ചെറിയൊരു ടൗൺ ആയ ഓലയമ്പലത്ത് എത്താൻ ഒരു മൈൽ ദൂരം നടന്നുവരണം. വയലാണ്, ആ വയലിന്റെ റോഡിലൂടെ നടന്നുവരികയാണ്. ശ്രീ. സണ്ണി ജോസഫിന് അയാളെ അറിയുമോയെന്ന് അറിയില്ല. ഏതായാലും പേര് ഞാൻ പറയുന്നില്ല. അവിടെയൊരു കടയുണ്ട്. ആ കടയിൽ നാലഞ്ച് ആളുകൾ രാവിലെ മുതൽ നിൽക്കുന്നുണ്ട്. കനാലിന്റെ പണി നടക്കുന്ന കാലമാണ്. അവിടെ അടുത്തുള്ള ഒരു വീട്ടിലെ കുട്ടി ആ പീടികയിലേയ്ക്ക് ചെന്നു. അവർ ആ കുട്ടിയോട് ഒരു ഗ്ലാസ് ചോദിച്ചു. ആ കുട്ടിയുടെ വീട്ടിൽനിന്നും ഒരു ഗ്ലാസ് എടുത്തുകൊണ്ടുകൊടുത്തു. അത് ചാരായം ഒഴിച്ച് കുടിക്കാനായിരുന്നു. അതിനടുത്ത് ഒരു വീടുണ്ട്. അതാരുടെ വീടാണെന്ന് ഞാൻ പിന്നീട്

പറഞ്ഞുതരാം. ആ വീട്ടിൽനിന്ന് വെള്ളയപ്പവും മറ്റും കൊണ്ടുവന്നിരിക്കുന്നു. ഈ കുട്ടിക്ക് എല്ലാംകൂടി സംശയമായി. അവരുടെയടുത്ത് വലിയ കൊട്ടുവാളൊക്കെ കാണുന്നുണ്ട്. ആ കുട്ടി പോയി ഉമ്മയോട് കാര്യം പറഞ്ഞു. അപ്പോൾ എല്ലാംകൂടി ഇവരുടെ ശ്രദ്ധയിൽപ്പെട്ടുവെന്ന് അവർക്ക് മനസ്സിലായി. എനിക്ക് ആ വഴിക്കാണ് വരേണ്ടത്. അന്ന് പിണറായി സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിന്റെ തറക്കല്ലിടലാണ്. ആ ചടങ്ങിന് ഞാൻ പോകുന്നതാണ്. എന്തായാലും ഞാൻ അതിലെ വരുമെന്ന് അവർക്കറിയാം. വേറെ വഴിയുമില്ല. അതിനുവേണ്ടിയാണ് അവർ കാത്തുനിന്നത്. പക്ഷേ യാദൃച്ഛികമായി ഈ കുട്ടിയുടെ ശ്രദ്ധയിൽപ്പെട്ടുവെന്ന് തോന്നിയപ്പോൾ സ്വാഭാവികമായും ശങ്കയുണ്ടാകും. പിണറായി എന്ന ഗ്രാമത്തെക്കുറിച്ച് അറിയാമല്ലോ. അവർ അവിടെനിന്നും മെല്ലെയങ്ങ് നീങ്ങി. പത്ത് മിനിട്ട് കഴിഞ്ഞപ്പോഴാണ് ഞാൻ നടന്നുവന്നത്. അടുത്ത വീട്ടുകാരൊക്കെ എന്നെ തുറിച്ചുനോക്കുന്നത് കണ്ടു. എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആ കടയും കടന്ന് പോയപ്പോൾ ഒരാൾ എന്നോട് പറഞ്ഞു, ഇവിടെ രണ്ടുമൂന്ന് ആളുകൾ നിൽക്കുന്നുണ്ടായിരുന്നു എന്ന്. അവർ എങ്ങോട്ടുപോയെന്ന് ഞാൻ ചോദിച്ചു. അവർ ഓലയമ്പലത്തേയ്ക്ക്

പോയെന്നുപറഞ്ഞു. ബാക്കി കാര്യം ഞാനിപ്പോൾ പറയുന്നില്ല. മുഴപ്പിലങ്ങാട് അന്നത്തെ കാലത്തെ അറിയപ്പെട്ടുന്നൊരു റൗഡിയായിരുന്ന ആ സമയം വന്നത്. പക്ഷെ അവർ അവിടെ നിന്ന് പോകുകയാണ് ചെയ്തത്. ഇങ്ങനെ എത്ര സംഭവങ്ങളാണ്; ഇതുകൊണ്ടൊന്നും തീരുന്നില്ല. കുറേയധികം സംഭവങ്ങളുണ്ട്. അങ്ങനെയുള്ള ഒരുപാട് കാര്യങ്ങൾ അന്നത്തെ കണ്ണൂരിൽ നേരിടേണ്ടിവന്നയാളാണ് ഞാൻ. അതിലെല്ലാം പങ്കുവഹിച്ചവരായിരിക്കും ഇത്തരം കാര്യങ്ങളും പ്ലാൻ ചെയ്തിട്ടുണ്ടാകുക എന്നാണ് ഞാൻ കരുതിയത്. ഇവിടെ സൂചിപ്പിക്കുന്ന എം.എൽ.എ.യെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇദ്ദേഹമൊക്കെ ഇത്തരത്തിലുള്ള പ്ലാനിംഗുകൾ തയ്യാറാക്കുമെന്ന കാര്യത്തിൽ അന്നെനിക്കൊരു ശങ്കയില്ല. പക്ഷെ പിന്നീടത് വ്യക്തമായി. സഖാവ് ഇ. പി. ജയരാജനും ഗൺമാനും മറ്റും തടഞ്ഞതുകൊണ്ടുമാത്രമാണ് മുഖ്യമന്ത്രിക്കുനേരെ മറ്റ് അനിഷ്ട സംഭവങ്ങൾ നടക്കാതിരുന്നത് എന്നത് ആവർത്തിച്ച് ഞാൻ വ്യക്തമാക്കുകയാണ്. വിമാനയാത്രക്കിടയിൽ ആസൂത്രിതമായി അക്രമികളെ വിമാനത്തിൽ കയറ്റിയാൽ എത്ര സെക്യൂരിറ്റിയുള്ള ആളായാലും അവരെ അപകടപ്പെടുത്താൻ ശ്രമിച്ചാൽ വിമാന ജീവനക്കാർക്ക് അത്

പ്രതിരോധിക്കാൻ യാതൊരു സംവിധാനവും നിലവിലില്ലാത്തതാണ്. അതുകൊണ്ടുതന്നെയാണ്, 'എന്തായാലും ഫ്ലൈറ്റിൽ നിന്നും പുറത്തിറക്കാൻ കഴിയില്ലല്ലോ' എന്ന് വാട്സ്ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്ത ആഹ്വാനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതെന്നാണ് അനുമാനിക്കാൻ കഴിയുക. മുഖ്യമന്ത്രിയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഗൂഢാലോചന നടത്തിയവരുടേയും അക്രമികളുടേയും പദ്ധതിയാണ് ഇവിടെ വ്യക്തമാകുന്നത്. മുഖ്യമന്ത്രിയെ വിമാനത്തിൽ നിന്നും പുറത്തിറക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുകയെന്ന പദ്ധതിയാണ് ഈ മെസേജിലൂടെ അവർ ആസൂത്രണം ചെയ്തത്. അതിനുശേഷം എന്തൊക്കെയാണ് നടന്നതെന്നത് അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തേണ്ട കാര്യമാണ്. ജനാധിപത്യ സംവിധാനത്തിനകത്ത് പ്രവർത്തിക്കുന്ന ഒരു സംഘടനയിൽ ഇത്തരമൊരു ഭീകരപ്രവർത്തനം ആസൂത്രണം ചെയ്യുക പതിവില്ല. പദ്ധതി ആസൂത്രണം ചെയ്ത യൂത്ത് കോൺഗ്രസ്സും അതിനെ ന്യായീകരിക്കുന്ന കോൺഗ്രസ്സ് നേതൃത്വവും ജനാധിപത്യ സംവിധാനങ്ങളെയാകെ അട്ടിമറിക്കുകയാണ് ചെയ്യുന്നത്. ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയ ഇൻഡിഗോ വിമാനക്കമ്പനിയുടെ ആഭ്യന്തര അന്വേഷണ സമിതി 16-07-2022-ന്

പുറപ്പെടുവിച്ച ഉത്തരവ്, നിയമാനുസൃതം സംഭവത്തിലുൾപ്പെട്ടവരുടെ വാദങ്ങളും തെളിവുകളും കേൾക്കാതെയാണെന്ന പരാതി ഉയർന്നുവന്നിട്ടുണ്ട്. ഉത്തരവിൽ അതൊരു എക്സ് പാർട്ടി ഉത്തരവാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പ്രതികളെ സഹായിക്കുന്ന നിലപാടാണ് ഇൻഡിഗോ വിമാനക്കമ്പനിയുടെ ആഭ്യന്തര അന്വേഷണ സമിതി കൈക്കൊണ്ടിട്ടുള്ളതെന്ന ആക്ഷേപവും ഉയർന്നുവന്നിട്ടുണ്ട്. ഇൻഡിഗോ യാത്രാ വിമാന കമ്പനി തങ്ങളുടെ യാത്രക്കാർക്ക് സുരക്ഷിതത്വവും സംരക്ഷണവും നല്കുന്നതിൽ പരാജയപ്പെടുകയും അക്രമികൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചതും വിമാനയാത്രയിലെ സുരക്ഷിതത്വത്തിന് അപകടമുണ്ടാക്കുന്ന കാര്യവുമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ.... സബ്മിഷന്റെയിടയിൽ ചർച്ചയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞാൻ ഉന്നയിച്ച വിഷയത്തിൽ അവാസ്തവമായ കുറേയധികം കാര്യങ്ങൾ പറഞ്ഞു. മറ്റു കാര്യങ്ങളിൽ എനിക്കറിയാത്ത ചരിത്രമാണ് അദ്ദേഹം പറഞ്ഞത്. സംഭവ സമയത്ത്, അങ്ങ്

പുറത്തിറങ്ങിയതിനുശേഷമാണ് പ്രതിഷേധം...പ്രതിഷേധം.... എന്ന മുദ്രാവാക്യം വിളിച്ചതെന്ന് പറഞ്ഞത് അങ്ങയുടെ പാർട്ടി സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനും വിമാനത്തിലുണ്ടായിരുന്ന ശ്രീ. ഇ. പി. ജയരാജനുമാണ്.. വളരെ വ്യക്തമായി ശ്രീ. കോടിയേരിയുടെ പുറമേരിയിലെ പ്രസംഗത്തിന്റെ.......

മി.ഡെപ്യൂട്ടി സ്പീക്കർ: ഇതൊരു ചർച്ചയായി കൊണ്ടുപോകേണ്ട കാര്യമല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനിത് അദ്ദേഹത്തോട് പറയണം. അദ്ദേഹം പതിനാറ് മിനിട്ട് സംസാരിച്ചല്ലോ.. അങ്ങ് ഞാൻ പറയുമ്പോൾ ദയവായി ഇടപെടരുത്... അദ്ദേഹത്തിന് കുഴപ്പമില്ലല്ലോ.. രണ്ടാമത്തെ കാര്യം പ്രതിഷേധം, പ്രതിഷേധം എന്ന മുദ്രാവാക്യം വിളിച്ചതിന്റെ പേരിൽ, സംഭവങ്ങളെല്ലാം അറിയാവുന്നതുകൊണ്ടും ഈ രണ്ട് കുട്ടികൾക്കെതിരായി വധശ്രമത്തിന് അങ്ങയുടെ പോലീസ് കേസെടുത്തത് തെറ്റാണെന്ന് അങ്ങയുടെ വർത്തമാനത്തിൽ നിന്നുതന്നെ മനസ്സിലായി. ഇപ്പോൾ വിമാനക്കമ്പനിക്കാണ് കുഴപ്പം. (ബഹളം).... വിമാനക്കമ്പനി ഇത് പരിശോധിച്ച് ചെയ്തതിലുണ്ടായ അപാകതയിലാണ് പ്രശ്നം.

യഥാർത്ഥത്തിൽ ഇല്ലാത്തൊരു കേസാണിത്... പ്രതിഷേധം പ്രതിഷേധം എന്ന് മുദ്രാവാക്യം വിളിച്ചതിന്റെ പേരിൽ രണ്ട് ചെറുപ്പക്കാർക്കെതിരായി വധശ്രമത്തിന് കേസെടുത്തു. അങ്ങ് ആഭ്യന്തര വകുപ്പ് മന്ത്രിയാണ്. പക്ഷെ അതേ അവസരത്തിൽ അവരെ തള്ളി നിലത്തിടുന്നതിന്റെ ദൃശ്യങ്ങളുണ്ട്. അവരെ നിലത്തിട്ട് ക്രൂരമായി മർദ്ദിച്ചവർക്കെതിരായി ഒരു കേസുമെടുക്കാത്ത ഇരട്ടനീതിയാണ് ഈ കേരളത്തിൽ നിൽക്കുന്നത്. ഇരട്ട നീതി അങ്ങ് ചെയ്തത് കേരളത്തിലെ ജനങ്ങൾ നോക്കിക്കാണുന്നുണ്ട്. പിന്നെ ആ കുട്ടികൾ ചെയ്തത് ഭീകര പ്രവർത്തനമാണെന്ന് പറഞ്ഞാൽ...... പത്തൊമ്പത് വയസ്സുള്ള ആ കുട്ടിയുടെ തല മഴുകൊണ്ട് വെട്ടിപ്പൊളിച്ച ആളുകളാണോ ഭീകര പ്രവർത്തനം നടത്തിയത്. ഈ പ്രതിഷേധം എന്ന് വിളിച്ചതാണോ ഭീകര പ്രവർത്തനം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ വാദം സമർത്ഥിക്കാൻ വേണ്ടി തെറ്റായ വിവരങ്ങൾ പറയുകയാണ്. ഞാനിവിടെ ആവർത്തിച്ച് വ്യക്തമാക്കിയ കാര്യമാണ്. ഞാൻ ഇറങ്ങിയതിനുശേഷമല്ല ഈ സംഭവങ്ങൾ നടക്കുന്നത്. ഞാനവിടെ ഇരിക്കുകയാണ്. യാത്ര ചെയ്ത ആൾ ഞാനാണല്ലോ...

എന്താണ് സംഭവിച്ചതെന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതാണ്. സംഭവത്തെക്കുറിച്ച് പരാമർശിക്കേണ്ടിവന്നപ്പോൾ നിയമസഭയിൽ ഇതെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. സഭയ്ക്ക് പുറത്ത് അധികം പറയേണ്ടി വന്നിട്ടില്ല. അതുകൊണ്ടുതന്നെ ആവർത്തിക്കേണ്ട കാര്യമില്ല. ഞാൻ സീറ്റിൽ നിന്ന് എഴുന്നേൽക്കുന്നതിന് മുമ്പുതന്നെയാണ് നേരത്തെ പറഞ്ഞ ആളുകൾ ചാടിക്കളിക്കുന്നത്. അത് അവിടത്തെ ക്രൂ തടഞ്ഞുനിർത്തി. തുടർന്ന് സീറ്റ് ബെൽറ്റിന്റെ ചിഹ്നം ഓഫ് ചെയ്തപ്പോൾ പെട്ടെന്ന് തന്നെ ചാടി ഇങ്ങോട്ടേയ്ക്ക് വരികയാണ്. അപ്പോഴേയ്ക്കും ഞാൻ എഴുന്നേൽക്കുന്നേയുള്ളൂ. ഇറങ്ങുന്നതിനുവേണ്ടി എഴുന്നേറ്റ് നിൽക്കുകയാണ്. അപ്പോഴാണ് ഇങ്ങോട്ടേയ്ക്ക് വരുന്നത്. അത് ഒരുതരം അട്ടഹാസത്തോടെയുള്ള വരവായതുകൊണ്ട്..... നിങ്ങളോട് ലോഹ്യം പറയാൻ വരുന്ന വർത്തമാനരീതിയല്ലത്.. ആ വരവിന്റെയൊരു പ്രത്യേകതയില്ലേ... ആ പ്രത്യേകതയിലാണ് ശ്രീ. ഇ. പി. ജയരാജൻ നടുക്ക് കയറി നിൽക്കുന്നത്. ഞാൻ ഏറ്റവും പിന്നിലെ സീറ്റിലാണ് ഇരിക്കുന്നത്. തൊട്ടുമുന്നിലത്തെ സീറ്റിന്റെ മുന്നിലുള്ള സീറ്റിലാണ് സഖാവ് ഇ. പി. ജയരാജനുള്ളത്. അതായത് പുറകിൽ നിന്നെണ്ണിയാൽ മൂന്നാമത്തെ സീറ്റിലാണ് അദ്ദേഹമിരുന്നത്. ശ്രീ. ഇ. പി. ജയരാജൻ ഇറങ്ങി നടുക്ക്

നില്ക്കുകയാണ്. അപ്പോഴേയ്ക്കും അവർക്കിങ്ങോട്ട് വരാൻ കഴിയുന്നില്ല. പിന്നെയും വന്നപ്പോൾ അവരെ സ്വാഭാവികമായും തടയുമല്ലോ. അതാണല്ലോ ഉണ്ടാകുന്നത്. ആ തടയൽ മാറ്റിയിട്ടാണ് അവർ പോകുന്നത്. അതിനാണവർ ശ്രമിക്കുന്നത്. പിന്നെ.... അങ്ങ് ഒരു ചെറിയ കുഞ്ഞിന്റെ കാര്യം പറഞ്ഞില്ലേ.... അതിലൊന്ന് 19 കേസുകളിൽ പ്രതിയായ കുഞ്ഞാണ്.അങ്ങനെയുള്ള കുഞ്ഞുങ്ങളെ ഒക്കത്തുവച്ച് നടക്കാൻ കഴിയുന്ന ആൾക്കാരുണ്ട്. അങ്ങ് അതിന്റെ ആളായി മാറണ്ട. അങ്ങത് മനസ്സിലാക്കണം. താങ്കളാണ് യഥാർത്ഥത്തിൽ തെറ്റിദ്ധരിപ്പിക്കാൻ നോക്കുന്നത്. അവർ ആരാണ്; പ്രത്യേക വൈദഗ്ദ്യമുള്ളവരെ ഈ പ്രവർത്തിക്കുവേണ്ടി തയ്യാറാക്കിയതാണ്. സാധാരണ ഗതിയിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്താൽ അത് ചെയ്യാൻ പാടില്ലാത്തതാണെന്നെങ്കിലും പറയേണ്ടതല്ലെ... അതുപോലും പറയാൻ നിങ്ങൾക്ക് പറ്റിയില്ലല്ലോ... പകരം അതെല്ലാം ന്യായീകരിക്കാനാണ് ശ്രമിച്ചത്. ഇന്നത്തെയൊരു പ്രത്യേകതകൊണ്ടാണെന്നും നിങ്ങൾ വന്നുപെട്ടുപോയൊരു ഗതികേടിന്റെ ഭാഗമായി സംഭവിച്ചതാണെന്നും മനസ്സിലാക്കാനെനിക്ക് കഴിയും. അങ്ങനെ മാത്രമേ ഞാനതിനെ

കാണുന്നുള്ളൂ. പക്ഷെ, നടന്ന കാര്യങ്ങൾ ഇത്തരത്തിലാണെന്നത് ഒന്നുകൂടി ആവർത്തിച്ച് വ്യക്തമാക്കുന്നു.

## 2. ആതുര ശുശ്രൂഷാലയങ്ങൾ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ ലൈസൻസ്

ശ്രീ. ജോബ് മൈക്കിൾ: സർ, 2019 -ൽ കെട്ടിട നിയമങ്ങൾ നിലവിൽ വന്നപ്പോൾ പഴയ വാണിജ്യ കെട്ടിടങ്ങളുടെ ഒക്യുപൻസി അല്ലെങ്കിൽ തൽസ്ഥിതി നിലനിർത്താനും ക്രമവത്കരിക്കുവാനും സർക്കാർ അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. വർഷങ്ങളായി യഥാസമയത്ത് പുതുക്കിയിരുന്ന ലൈസൻസുകൾ തുടർന്ന് ലഭിക്കുന്നതിന് അതിഭീമമായ ഫീസാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നത്. അതുപോലെ വാണിജ്യ കെട്ടിടങ്ങളിൽ  പ്രവർത്തിച്ചിരുന്ന ആതുര ശുശ്രൂഷാലയങ്ങൾക്ക് നിലവിൽ 200 ചതുരശ്രമീറ്റർ എന്ന് പരിമിതപ്പെടുത്താം എന്ന നിർദ്ദേശം മൂലം കൂടുതലുള്ള ഏരിയയ്ക്ക് ലൈസൻസ് പുതുക്കി ലഭിക്കുന്നതിന് ഭീമമായ ഫീസ് അടയ്ക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച വാണിജ്യ കെട്ടിടങ്ങൾ നിലവിലെ നിയമപ്രകാരം ക്രമവത്കരിക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനുമുള്ള ഫീസ് ഇളവ് ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ജൂലൈ 30 -ന് മുമ്പ് നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞ കെട്ടിടങ്ങൾ, കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ചുകൊണ്ട് നിർമ്മിച്ചതാണെങ്കിൽ 15-05-2018 തീയതിയിലെ 1112/2018/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവിന് വിധേയമായി ക്രമവല്ക്കരിക്കുന്നതിനായി 2021 സെപ്റ്റംബർ 30 വരെ അപേക്ഷ സ്വീകരിച്ചിരുന്നു. 2017 ജൂലൈ 31 -ന് മുമ്പ് നിർമ്മിച്ച അനധികൃത നിർമ്മാണങ്ങൾക്ക് ക്രമവത്കരണത്തിന് അപേക്ഷ സമർപ്പിക്കാൻ നാല് വർഷവും രണ്ട് മാസവും സമയം നല്കിക്കഴിഞ്ഞതിനാൽ ഇതിനകം ക്രമവത്കരണത്തിന് അപേക്ഷ സമർപ്പിച്ച് കഴിഞ്ഞിട്ടുണ്ടാകുമെന്ന നിഗമനത്തിൽ ഇപ്പോൾ അപേക്ഷകൾ സ്വീകരിക്കുന്നില്ല. കെട്ടിടനിർമ്മാണ ചട്ടം പഴയതോ പുതിയതോ പ്രകാരം കെട്ടിട നിർമ്മാണാനുമതി കരസ്ഥമാക്കി അതിനനുസരിച്ച് നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞ

നിർമ്മാണങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അവ തുടരുന്നതിന് ചട്ടപ്രകാരം ഒരു തടസ്സവും നിലവിലില്ല. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആതുര ശുശ്രൂഷാലയങ്ങൾ 200 ചതുരശ്രമീറ്ററിൽ പരിമിതപ്പെടുത്തണമെന്ന നിർദ്ദേശംമൂലം ലൈസൻസ് പുതുക്കുന്നതിന് ഭീമമായ ഫീസ് അടയ്ക്കേണ്ട സ്ഥിതിയാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. പഴയ കെട്ടിട നിർമ്മാണ ചട്ടപ്രകാരം കെ.എം.ബി.ആർ.1999, 150 സ്ക്വയർ മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള ആശുപത്രി ഗണത്തിൽപ്പെടുന്ന നിർമ്മാണങ്ങളെ വാണിജ്യ ഉപയോഗത്തിനായി കണക്കാക്കി വാണിജ്യഗണകെട്ടിടമായി പരിഗണിക്കാം. പുതിയ കെട്ടിടം നിർമ്മാണ ചട്ടപ്രകാരം കെ.എം.ബി.ആർ./കെ.പി.ബി.ആർ.2019, ഇത് വർദ്ധിപ്പിച്ച് 200 സ്ക്വയർ മീറ്റർ വരെയുള്ള ആശുപത്രി ഉപയോഗത്തെ വാണിജ്യ കെട്ടിടമെന്ന ഗണത്തിൽപ്പെടുത്തുന്നു. ആശുപത്രിയുടമകൾക്ക് അനുകൂലമായ വ്യവസ്ഥയാണിത്. ഒരു വാണിജ്യകെട്ടിടത്തിൽ 200 സ്ക്വയർ മീറ്ററിൽ കൂടുതൽ ഭാഗം ആശുപത്രി ഉപയോഗത്തിന് വിനിയോഗിക്കുകയാണെങ്കിൽ അതിനെ മൊത്തത്തിൽ ആശുപത്രി ഗണത്തിൽപ്പെടുത്തുകയാണ് കെട്ടിട

നിർമ്മാണ ചട്ടപ്രകാരം ചെയ്യുന്നത്. പഴയ കെട്ടിടനിർമ്മാണ ചട്ടത്തിലും പ്രസ്തുത രീതി തന്നെയാണ് പാലിച്ചുവന്നത്. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കാനുള്ള ഫീസ് 2018-ലെ ചട്ടപ്രകാരം നിശ്ചയിച്ചിരിക്കുന്നതിനാൽ വർദ്ധന വരുത്തിയിട്ടില്ല. വിവിധ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് ഫീസിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധനവ് വരുത്തിയിട്ടില്ല. പെർമിറ്റ് ഫീസ്, ലൈസൻസ് ഫീസ് തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങളുടെ പ്രധാന തനത് വരുമാന സ്രോതസ്സാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള വരുമാന സ്രോതസ്സുകളിൽ ലഭ്യമായ കുറവ് വരികയും തദ്ദേശസ്ഥാപനങ്ങൾ സാമ്പത്തികമായ പ്രയാസം അനുഭവിക്കുകയും ചെയ്യുന്ന സാഹചര്യമായതിനാൽ ഫീസുകളിൽ കുറവ് വരുത്തുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല.

3. <u>പാലക്കാട് നഗരസഭയിലെയും പഞ്ചായത്തിലെയും പട്ടയ പ്രശ്നം</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, പാലക്കാട് എന്റെ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയായിരുന്ന ബഹുമാന്യനായ സുന്ദരൻ സ്വാമി, അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ പാലക്കാട്

ചേരിനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി 86 കുടുംബങ്ങൾക്ക് രണ്ടര സെന്റ് സ്ഥലംവീതം ലഭിക്കുന്ന തരത്തിൽ പാലക്കാട് നഗരസഭയിലെ മൂന്നാം വാർഡിൽ സുന്ദരൻ കോളനിയിൽ ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. അന്നത്തെ കാലത്ത് അവർക്ക് അന്ന് താമസിക്കാനുള്ള അനുമതിയാണ് നഗരസഭ കൊടുത്തത്. ഈ 86 കുടുംബങ്ങളിൽ കുറേ കുടുംബങ്ങൾ അവിടെനിന്ന് മാറിപ്പോയി. അവിടെ താമസിച്ച് അവരിൽനിന്ന് പണംകൊടുത്ത് വാങ്ങിയ ആളുകൾ ഇപ്പോൾ അവിടെ താമസിക്കുന്നുണ്ട്. ഈ 86 കുടുംബങ്ങളിൽ അവരുടെ തലമുറകൾ തൊട്ട് അവിടെ താമസിച്ചുവന്ന് അടുത്ത തലമുറയിലേയ്ക്ക് കൈമാറിയവരുണ്ട്; വാടകയ്ക്ക് താമസിക്കുന്നവരുമുണ്ട്. അവിടെ ഇപ്പോൾ താമസിക്കുന്നവരും പണം കൊടുത്ത് അത് വാങ്ങിയിട്ടുള്ളവരുമായിട്ടുള്ള ആളുകൾക്ക് ഇതുവരെ ആ ഭൂമിയുടെ പട്ടയം ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. പതിറ്റാണ്ടുകളായി അവിടെ താമസിക്കുന്ന ആളുകളാണ്. എല്ലാവരും സാധാരണക്കാരാണ്. കൂലിപ്പണിയെടുത്തും വാഹനമോടിച്ചും അദ്ധ്വാനിച്ച് ജീവിക്കുന്ന ഒരുപാട് ആളുകളുണ്ട്. അതുപോലെതന്നെ അവിടെയുള്ള ഇറിഗേഷന്റെ കനാലിനോട് ചേർന്ന് ചേരിയിൽ താമസിക്കുന്ന ആളുകളുമൊക്കെയുണ്ട്. അവരുടെ

പുനരധിവാസമുൾപ്പെടെ ഇവിടെ താമസിക്കുന്ന ആളുകളുടെ ഭൂമിയുടെ പട്ടയം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അടിയന്തര ഇടപെടലും അതിനൊരു പരിഹാരവും ഉണ്ടാക്കിത്തരാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എത്രയുംപെട്ടെന്നുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞാൻ ആവർത്തിച്ചുപറയുന്നു, സാധാരണക്കാരിൽ സാധാരണക്കാരായ അദ്ധ്വാനിച്ച് ജീവിക്കുന്ന ആളുകളാണ് അവിടെയുള്ളത്.

അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിലെ മാത്തൂർ, പിരാഗിരി, കണ്ണാടി ഈ മൂന്നു പഞ്ചായത്തുകളിലും ഇതുപോലെ പതിറ്റാണ്ടുകളായി താമസിച്ചുവരുന്ന സ്ഥലത്ത് ചില ചെറിയ സാങ്കേതിക പ്രശ്നങ്ങളുടെ പേരിൽ പട്ടയം ലഭിക്കാതിരിക്കുന്ന നിരവധി കുടുംബങ്ങളുണ്ട്. കഴിഞ്ഞ ദിവസം അങ്ങ് മാതൃകാ വില്ലേജോഫീസിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് മാത്തൂർ വന്നപ്പോൾ അങ്ങ് അവിടെ നടത്തിയ ഒരു പ്രഖ്യാപനം വളരെ സന്തോഷത്തോടുകൂടിയാണ് ആ ജനത ഏറ്റെടുത്തത്. ആ കുടുംബങ്ങൾക്ക് എത്രയുംപെട്ടെന്ന് പട്ടയം ലഭ്യമാക്കാനുള്ള നടപടി ചെയ്യണമെന്ന് അങ്ങ് സൂചിപ്പിച്ചിരുന്നു. അത് എത്രയുംപെട്ടെന്ന് പ്രാവർത്തികമാക്കാനും അതുപോലെതന്നെ സുന്ദരൻ കോളനിയിലും

ഇതുപോലെ ഒരു സ്പെഷ്യൽ ടീമിനെ വച്ച് അവിടെയുള്ള ആളുകളുടെ രേഖകൾ... ഇടയ്ക്ക് ഒരു ദിവസം മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്ന് അവർക്ക് ഇന്ന തീയതിക്കുള്ളിൽ നിങ്ങളുടെ രേഖകൾ ഹാജരാക്കണമെന്ന് പറഞ്ഞ് ഒരു നോട്ടീസ് കിട്ടുകയാണ്. മരണപ്പെട്ടുപോയ പല ആളുകളുടെയും സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ, പുതിയ ആളുകൾക്ക് അവരുടെ ക്രയവിക്രയം നടത്തുന്നത് സംബന്ധിച്ചും അവർക്ക് സമയംവേണം. അപ്പോൾ ഒരു സ്പെഷ്യൽ ടീമിനെ അസൈൻ ചെയ്ത് സുന്ദരൻ കോളനിയിലെ സാധാരണക്കാരുടെ പട്ടയം എന്നുള്ള പ്രശ്നത്തിന് ഒരു ശാശ്വതപരിഹാരം ഉണ്ടാക്കിത്തരണം. ഒലവക്കോട്, താണാവൂർ രാജീവ് നഗറിലും സമാനമായ പ്രശ്നങ്ങളുണ്ട്. അത് റെയിൽവേയുമായി ബന്ധപ്പെട്ടതാണ്. അങ്ങയുടെ ഒരു സ്പെഷ്യൽ ഇൻവോൾവ്മെന്റ് ഇക്കാര്യത്തിലുണ്ടാകണമെന്നും ജനങ്ങൾക്ക് ആശ്വാസമാകണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പാലക്കാട് നിയോജകമണ്ഡലത്തിലെ പാലക്കാട് നഗരസഭയിലുൾപ്പെട്ട സുന്ദരൻ കോളനി, താണാവൂർ രാജീവ് നഗർ കോളനി, മാത്തൂർ പഞ്ചായത്ത്,

കണ്ണാടി ഗ്രാമപഞ്ചായത്ത്, പിരിയാരി പഞ്ചായത്ത് എന്നിവിടങ്ങളിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് മതിയായ രേഖകളില്ലാത്ത കാരണത്താൽ പട്ടയം ലഭ്യമായിട്ടില്ല എന്ന അംഗത്തിന്റെ സബ്മിഷൻ വളരെ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നത്. അതിൽ പലതും എനിക്ക് നേരിട്ട് ബോദ്ധ്യമുള്ളതുമാണ്. ഓരോ പ്രദേശത്തെയും പ്രശ്നങ്ങൾ പ്രത്യേകം പരിശോധിച്ചതിൽ സുന്ദരൻ കോളനി പാലക്കാട് താലൂക്കിൽ പാലക്കാട് വില്ലേജ് പരിധിയിലാണ് ഉൾപ്പെട്ടുവരുന്നത്. ടി കോളനിയിലെ 84 കുടുംബങ്ങൾ 305 സെന്റ് വരുന്ന കൈവശസ്ഥലങ്ങളിൽ നിർമ്മിച്ചുവരുന്ന 4 വീടുകൾ അടങ്ങിയ ഒറ്റ യൂണിറ്റ് വീതമുള്ള കെട്ടിടങ്ങളിൽ താമസിച്ചുവരുന്നു. റവന്യൂ റെക്കോർഡ് പ്രകാരം ഇത് മുനിസിപ്പാലിറ്റിയുടെ വകയാണ്. മുനിസിപ്പാലിറ്റി വിലയ്ക്ക് വാങ്ങി ചേരി നിർമ്മാണ പദ്ധതിക്കുവേണ്ടി നൽകിയതാണ്. എന്നാൽ കോളനി നിവാസികൾ ആരുംതന്നെ പട്ടയത്തിന് റവന്യൂ വകുപ്പ് മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനമായ മുനിസിപ്പാലിറ്റിയിൽ നിന്നും പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി ഭൂമി പതിവ് ചട്ടങ്ങൾക്ക് വിധേയമായി അർഹതയ്ക്കനുസരിച്ച് പട്ടയം

നൽകുന്ന നടപടി സ്വീകരിക്കുന്നതാണെന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്.

അങ്ങ് ഉന്നയിച്ച താണാവൂർ രാജീവ് നഗർ കോളനി നിവാസികളുടെ പ്രശ്നം പരിശോധിച്ചതിൽ രണ്ട് സെന്റിൽ താഴെമാത്രം ഭൂമി കൈവശം വച്ച് വീടുവച്ച് താമസിക്കുന്ന 12 കുടുംബങ്ങളുണ്ട്. ഈ ഭൂമി റവന്യൂ രേഖകൾ പ്രകാരം വനംവകുപ്പിന്റെ ഉടമസ്ഥതയിലാണെന്നാണ് പട്ടയം നൽകുന്നതിനുള്ള ഒരു തടസ്സമായി കാണുന്നത്. വനംവകുപ്പിന്റെ അനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ നമ്മൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ പാലക്കാട് സന്ദർശനത്തിനുശേഷം ആ നടപടിയിലേയ്ക്ക് പോയിട്ടുണ്ട്.

കണ്ണാടി ഗ്രാമപഞ്ചായത്ത്, പിരിയാരി പഞ്ചായത്ത്, മാത്തൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിലനിൽക്കുന്ന പട്ടയപ്രശ്നങ്ങൾ ലാൻഡ് ട്രൈബ്യൂണലുമായി ബന്ധപ്പെട്ടതാണ്. പിരിയാരി വില്ലേജ് പരിധിയിൽ 126 അപേക്ഷകളും മാത്തൂർ ഗ്രാമപഞ്ചായത്തിൽ മാത്തൂർ-1, മാത്തൂർ-2 വില്ലേജുകളിൽ 300 അപേക്ഷകളും കണ്ണാടി -1, കണ്ണാടി-2 വില്ലേജുകളിൽ 116 അപേക്ഷകളും ലാൻഡ് ട്രൈബ്യൂണലിന് മുമ്പാകെയുണ്ട്. പ്രസ്തുത അപേക്ഷകൾ ട്രൈബ്യൂണൽ പരിശോധിച്ചുവരികയാണ്.

ഭൂപരിഷ്കരണ നിയമം അനുശാസിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് കൈവശക്കാർക്ക് കഴിയാതെപോകുന്നതാണ് ക്രയവിക്രയ സർട്ടിഫിക്കറ്റ് നൽകാനുള്ള തടസ്സമായി നിൽക്കുന്നത്. ക്രയവിക്രയ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും ഈ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് മുഖാന്തരം സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അങ്ങേയ്ക്കറിയാവുന്നതുപോലെ, മന്ത്രിയെന്ന നിലയിൽ നമ്മൾ ഒരുമിച്ച് അവിടെ സന്ദർശിച്ചതിന്റെ ഭാഗമായി പ്രത്യേക താല്പര്യമെടുത്ത് പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഒരുവർഷംകൊണ്ട് പാലക്കാട് താലൂക്കിൽ 1344 പട്ടയങ്ങളും ആലത്തൂർ താലൂക്കിൽ 906 പട്ടയങ്ങളുമുൾപ്പെടെ പാലക്കാട് ജില്ലയിൽ 7606 പട്ടയങ്ങളും സംസ്ഥാനത്ത് ആകെ 54,535 പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്. പാലക്കാട് നിയോജകമണ്ഡലത്തിൽ ആലത്തൂർ-പാലക്കാട് താലൂക്കുകളിലായി ശേഷിക്കുന്ന അപേക്ഷകൾ എല്ലാംതന്നെ നടപടിക്രമം പാലിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പട്ടയം വിതരണം

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഇവിടെ ഉന്നയിച്ച സബ്മിഷന്റെ ഭാഗമായി പാലക്കാട് നിയോജകമണ്ഡലത്തിലെ പട്ടയ പ്രശ്നങ്ങൾ മാത്രം ചർച്ച ചെയ്യുന്നതിന് സഭാ സമ്മേളനം കഴിഞ്ഞ് രണ്ടാഴ്ചയ്ക്കകം പ്രത്യേകമായി യോഗം വിളിച്ച് ഈ കാര്യത്തിൽ പ്രത്യേക പരിഗണനയോടെ പരിഹരിക്കുന്നതാണെന്ന് അങ്ങേയ്ക്ക് ഉറപ്പു നൽകുകയാണ്.

4. കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

ശ്രീ. ഇ. കെ. വിജയൻ: സർ, നാദാപുരം നിയോജകമണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് ബ്രാഞ്ച് കനാൽ തുണേരി-വേട്ടുമ്മൽ ടെയ്ൽ എൻഡ് ഡിസ്ട്രിബ്യൂട്ടറി പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ച സ്ഥിതിയിലാണിപ്പോൾ. തുണേരി-എടച്ചേരി ഗ്രാമപഞ്ചായത്തിലൂടെയാണ് കനാൽ കടന്നുപോകുന്നത്. ഈ പദ്ധതി പൂർത്തീകരിച്ചാൽ വേനൽക്കാലത്ത് ഏറെ കൃഷിക്കാരുള്ള ടി പ്രദേശത്ത് നെൽകൃഷിക്കാർ, പച്ചക്കറി കൃഷിക്കാർ, തെങ്ങ് കൃഷിക്കാർ എന്നിവർക്ക് വളരെ സഹായകരമായിരിക്കും. കൂടാതെ, കുടിവെള്ളത്തിന്റെ പ്രശ്നം പരിഹരിക്കാൻ സഹായകരമാണ്. പദ്ധതിക്കുവേണ്ടി തുണേരിയിൽ നിന്നും കായപ്പനച്ചി വരെ കനാലുണ്ടാക്കാൻ

ഭൂമി നേരത്തെതന്നെ ഏറ്റെടുത്തതാണ്. നിലവിൽ നിർമ്മാണം കഴിഞ്ഞ കനാൽ പലസ്ഥലത്തും പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. ചില സ്ഥലത്ത് കനാൽ കാണാനേയില്ല. ഇതുസംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞാൻ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുകയും പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുൻപുതന്നെ പ്രദേശത്തെ ഗുണഭോക്താക്കളുടെ യോഗം വിളിച്ചുചേർക്കുകയും ചെയ്തിരുന്നു. ആയതിനാൽ ടി പദ്ധതി പൂർത്തീകരിക്കുന്നതിനും നിലവിൽ പൊട്ടിപ്പൊളിഞ്ഞ കനാൽ പുനഃസ്ഥാപിക്കാനും വെള്ളമെത്തിക്കാനുമുള്ള അടിയന്തര നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ജലവിഭ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ വളരെ ഗൗരവമുള്ള കാര്യങ്ങൾ തന്നെയാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ തൂണേരി ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 7-650 മീറ്ററിൽ നിന്ന് ആരംഭിക്കുന്ന Thuneri Vettummal Tail-end Distributory പദ്ധതിക്കുവേണ്ടി സർക്കാർ സ്ഥലം

ഏറ്റെടുത്തിട്ടുള്ളതാണ്. 4.25 കിലോമീറ്റർ നീളമുള്ള ഈ ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2 കിലോമീറ്റർ ദൂരം കനാൽ നിർമ്മിച്ചു. കനാൽ കാലപ്പഴക്കംമൂലം പൊളിഞ്ഞ അവസ്ഥയിലുമായി. ആ രണ്ട് കിലോമീറ്ററിന്റെ പുനരുദ്ധാരണമാണ് ഇവിടെ ആവശ്യപ്പെട്ട പ്രധാന കാര്യം. അതിന് ഏകദേശം ഒരുകോടി രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അത് പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്; അത് പരിശോധിച്ചുവരികയാണ്. അതോടൊപ്പം രണ്ടേകാൽ കി.മീ. ദൂരം കനാൽ നിർമ്മിക്കേണ്ടതുണ്ട്. അതിനാവശ്യമായ ഭൂമിയുടെ അതിർത്തി നിശ്ചയിച്ചു കിട്ടുന്നതിന് റവന്യൂ ഡിപ്പാർട്ടുമെന്റ് നടപടി സ്വീകരിക്കുന്നുണ്ട്. അതിർത്തി നിശ്ചയിച്ച് കിട്ടുന്ന മുറയ്ക്ക് ശേഷിച്ച കനാൽ ഭാഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾക്ക് മുൻതൂക്കം നൽകാം. ഇപ്പോൾ പരിശോധന നടത്തിയതിന്റെയടിസ്ഥാനത്തിൽ റിപ്പെയർ ആവശ്യമായി വരുന്ന പ്രദേശങ്ങളെ പ്രത്യേകം പരിഗണിച്ച് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ കനാലുകളുടെ നവീകരണത്തിന് പൊതുവിൽ ഒരു സ്ഥിതി സ്വീകരിച്ചിട്ടുണ്ട്. അതിനായി 150 കോടി രൂപയുടെ ടോട്ടൽ എസ്റ്റിമേറ്റ്

തയ്യാറാക്കി നൽകിയിട്ടുണ്ട്. അതിന്റെടയിസ്ഥാനത്തിൽ ലഭ്യതാഫണ്ട് ലഭിക്കുമ്പോൾ പ്രയോറിറ്റി നൽകി ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം.

5. കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷണൽ ഓഫീസ്

ശ്രീമതി യു. പ്രതിഭ: സർ, വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷണൽ ഓഫീസ് കായംകുളത്ത് ആരംഭിക്കുന്നത് സംബന്ധിച്ച സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. മത്സ്യത്തൊഴിലാളികളും കയർ തൊഴിലാളികളും ഏറെ അധിവസിക്കുന്ന ഈ പ്രദേശത്തെ ജനങ്ങൾ റവന്യൂ സംബന്ധമായ പരാതികൾക്ക് 50 കി.മീ. അകലെയുള്ള ആലപ്പുഴ ഡിവിഷനെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്ക് ഒഴികെയുള്ള ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ എന്നീ അഞ്ച് താലൂക്കുകളിലെ എട്ട് നിയമസഭാ മണ്ഡലങ്ങളുൾപ്പെടുന്ന ഒരു വലിയ പ്രദേശത്തിന്റെ ജലപരിപാലന ചുമതല മുഴുവനും ആലപ്പുഴ പി.എച്ച്. ഡിവിഷന്റെ പരിധിയിലാണ് വരുന്നത്. ഈ ഡിവിഷന്റെ കീഴിൽ അഞ്ച് സബ്ഡിവിഷൻ ഓഫീസുകളും പത്ത് സെക്ഷൻ ഓഫീസുകളുമാണ് പ്രവർത്തിക്കുന്നത്. അഞ്ച് താലൂക്കുകളിലായി 57

ഗ്രാമപഞ്ചായത്തുകളും 6 മുനിസിപ്പാലികളുമുള്ള ഈ ഡിവിഷന്റെ പരിധിയിൽ ഒൻപത് ജലശുദ്ധീകരണശാലകളും 34 കുഴൽക്കിണർ സ്കീമുകളുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ഡെപ്പോസിറ്റ് പ്രവൃത്തികളും ഏറ്റെടുത്ത് ചെയ്യുന്നത് ആലപ്പുഴ പി.എച്ച്. ഡിവിഷനാണ്. ഏകദേശം രണ്ടേകാൽ ലക്ഷത്തിലധികം വാട്ടർ കണക്ഷനുകൾ ഈ ഡിവിഷനിൽ തന്നെയുണ്ട്. ഇവയുടെ എണ്ണവും ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഇത്രയും വലിയ പ്രദേശത്തെ പൊതുജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിനും പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണി പൂർത്തീകരിക്കുന്നതിനും ആലപ്പുഴ ജില്ലയിൽ ഒരു ഡിവിഷൻ അപര്യാപ്തമാണ്. അതുകൊണ്ട് മറ്റൊരു ഡിവിഷൻകൂടി ആലപ്പുഴയിൽ രൂപീകരിക്കേണ്ടത് ഏറെ അനിവാര്യമായ കാര്യമാണ്. ഇതുസംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു നിവേദനം നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ആലപ്പുഴ പി.എച്ച്. ഡിവിഷൻ വിഭജിച്ച് കായംകുളം ആസ്ഥാനമാക്കി ഒരു പുതിയ ഡിവിഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത കേരള വാട്ടർ അതോറിറ്റിയുടെ മധ്യമേഖലാ ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതായി പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2-07-2019-ലെ എന്റെ

ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മുൻ ജലവിഭവ വകുപ്പുമന്ത്രി അറിയിക്കുകയും ചെയ്തിരുന്നു. സ്വന്തമായി താലൂക്കുപോലുമില്ലാത്ത ഒരു വലിയ മണ്ഡലമാണ് കായംകുളം. അതുകൊണ്ട് കായംകുളത്ത് വാട്ടർ അതോറിറ്റിക്ക് സ്വന്തമായി 70 സെന്റിലധികം സ്ഥല സൗകര്യമുണ്ടെന്ന വസ്തുത കണക്കിലെടുത്തും രണ്ടേകാൽ ലക്ഷത്തിലധികം കണക്ഷനുള്ള ആലപ്പുഴ ഡിവിഷന്റെ ജോലി ഭാരം കുറയ്ക്കുന്നതിനും പ്രസ്തുത ഡിവിഷന്റെ കീഴിലുള്ള അഞ്ച് സബ്ഡിവിഷനിൽനിന്നും മാവേലിക്കര-ഹരിപ്പാട് സബ്ഡിവിഷനുകൾ ചേർത്ത് കായംകുളത്ത് ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശ്രീമതി യു. പ്രതിഭ എം.എൽ.എ. ഉന്നയിച്ച കാര്യം പരിശോധിച്ചു. നിലവിൽ വാട്ടർ കണക്ഷനുകൾ വർദ്ധിച്ചുവരികയാണ്. പ്രത്യേകിച്ച് ജൽജീവൻ മിഷന്റെ കണക്ഷൻകൂടിയാകുമ്പോൾ ജോലി ഭാരവും വർദ്ധിച്ചുവരും. കേരള വാട്ടർ അതോറിറ്റിയുടെ ഇന്നത്തെ നിലയിൽ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലാടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ

നിയോജകമണ്ഡലാടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ നാലോ അഞ്ചോ പഞ്ചായത്തുകളുടെയടിസ്ഥാനത്തിലും പുനഃസംഘടിപ്പിക്കാൻ തീരുമാനമെടുത്ത് നടപടികളുമായി മുന്നോട്ടുപോകുകയാണ്. ആലപ്പുഴ ഡിവിഷന്റെ ജോലി ഭാരം കുറയ്ക്കുന്നതിന് മുൻകാലങ്ങളിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള കാര്യങ്ങൾ നടത്തിയിരുന്നു. അത് ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്. വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി രൂപീകരിച്ചൊരു സമിതി അതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ സംഘടനാ പ്രതിനിധികളുമായി ആലോചിക്കേണ്ടതുണ്ട്. ആർക്കും അസൗകര്യമുണ്ടാകാതെയും എന്നാൽ ജോലി ഭാരം ക്രമപ്പെടുത്താനും കഴിയത്തക്ക വിധത്തിൽ ഇത് പുനഃക്രമീകരിക്കുമ്പോൾ മുൻകാല റിപ്പോർട്ടിന്റെ പശ്ചാത്തലത്തിലും ശ്രീമതി യു. പ്രതിഭ എം.എൽ.എ. ഉന്നയിച്ച കാര്യത്തിന്റെ ഗൗരവവും കണക്കിലെടുത്ത് കായംകുളത്ത് ഒരു ഡിവിഷണൽ ഓഫീസ് ആരംഭിക്കാൻ സാധിക്കുമെന്ന് തന്നെയാണ് കരുതുന്നത്.

## 6. നിലയ്ക്കൽ കുടിവെള്ള പദ്ധതി

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ലക്ഷക്കണക്കിന് തീർത്ഥാടകരാണ് ശബരിമലയിൽ എത്തുന്നത്. നിലയ്ക്കലിലാണ് വിവിധ സംസ്ഥാനങ്ങളിൽനിന്നും വരുന്ന തീർത്ഥാടകരെല്ലാം കേന്ദ്രീകരിക്കുന്നത്. വർഷങ്ങളായി ഇവിടെയുള്ളൊരു പ്രശ്നം തീർത്ഥാടകർക്ക് ജല ദൗർലഭ്യത്തിന്റെ പ്രശ്നമായിരുന്നു. ടാങ്കറിലാണ് വാട്ടർ അതോറിറ്റി വെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരം വേണമെന്ന് നിശ്ചയിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്തു. ആദ്യഘട്ടം 2017-ൽ 9 കോടി രൂപ അനുവദിച്ചു. സീതത്തോട്ടിൽ കിണറും പമ്പ് ഹൗസും നിർമ്മിച്ചു. കോന്നി ഉപതെരഞ്ഞെടുപ്പിനുശേഷം പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാവശ്യമായൊരു പ്ലാൻ തയ്യാറാക്കി 120 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചു. ആദ്യഘട്ടം 56 കോടി രൂപയുടെ ടെണ്ടർ നടത്തി. തമിഴ്നാട് ബേസുള്ള M/s Annai Infra Developers Limited, Erode എന്ന കമ്പനിയാണ് ടെണ്ടർ എടുത്തത്. അവരുടെ നിരുത്തരവാദപരമായ പ്രവർത്തനം കാരണം പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങുന്നതും

തടസ്സപ്പെടുത്തുന്നതുമായ സ്ഥിതിയായിരുന്നു. ഇത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം തന്നെ വന്ന് പ്രത്യേക യോഗം ചേർന്ന് പരിഹരിക്കാൻ നിർദ്ദേശവും നൽകി. പക്ഷെ വീണ്ടും കരാർ കമ്പനി ഉത്തരവാദിത്വമില്ലായ്മ കാണിക്കുകയായിരുന്നു. ഇപ്പോൾ വാട്ടർ അതോറിറ്റി പ്രസ്തുത കമ്പനിയെ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ഞാൻ ഉന്നയിക്കാൻ ഉദ്ദേശിച്ച പ്രശ്നം കമ്പനിയെ ടെർമിനേറ്റ് ചെയ്തിട്ടും റീ-ടെണ്ടർ നടപടികൾ വൈകുന്നു. വേഗം റീ-ടെണ്ടർ നടപടികളിലേയ്ക്ക് പോകുകയും 2019-ൽ എ.എസ്. ലഭിച്ച ബാക്കി തുകയുടെ ടെണ്ടറും ഈ വർഷം സീതത്തോട് പഞ്ചായത്തിലെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി അനുവദിച്ച 24 ലക്ഷം രൂപയുടെ ടെണ്ടറും വേഗത്തിലാക്കി ഈ പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനും അതോടൊപ്പം ഇത്രയും നിരുത്തരവാദപരമായ പ്രവർത്തനം നടത്തിയ കരാർ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശ്രീ. കെ. യു. ജനീഷ് കുമാർ എം.എൽ.എ. അവതരിപ്പിച്ച കാര്യത്തിന്റെ ഗൗരവം അദ്ദേഹം

ആദ്യം തന്നെ സൂചിപ്പിച്ചു. ശബരിമലയിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് ശുദ്ധജലം നൽകുന്നതിന് ലക്ഷ്യം വച്ചുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. അതിൽ ആദ്യഘട്ടം ലഭിച്ച 9 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. രണ്ടാംഘട്ട പാക്കേജിന്റെ ഭാഗമായി വന്ന പ്രവൃത്തികളിലെ 55 കോടിയോളം വരുന്ന രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത് M/s Annai Infra Developers Limited, Erode, Tamil Nadu എന്ന കരാറുകാരനാണ്. അതിന്റെ കാലാവധി 12 മാസമായിരുന്നു. പക്ഷെ ആരംഭിച്ചതുമുതൽ അത് പൂർത്തീകരിക്കാൻ സാധിക്കാത്ത നിലയിൽ ഇഴഞ്ഞു നീങ്ങുകയായിരുന്നു. പല തവണ അവരുമായി ചർച്ച നടത്തി. ബഹുമാനപ്പെട്ട കെ. യു. ജനീഷ് കുമാർ, എം.എൽ.എ.-യെയും റാന്നി എം.എൽ.എ. ശ്രീ. പ്രമോദ് നാരയണനെയും പങ്കെടുപ്പിച്ചുകൊണ്ട് സംഭവ സ്ഥലത്തുതന്നെ ഞാൻ ഒരു മീറ്റിംഗ് വിളിച്ചു ചേർത്തു. അതിൽ ഉദ്യോഗസ്ഥരും കരാർ കമ്പനിയുടെ പ്രതിനിധിയും പങ്കെടുത്തു. ആ യോഗത്തിന്റെയടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി എം.ഡി.ക്ക് ചില നിർദ്ദേശങ്ങൾ നൽകി. തിരുവനന്തപുരത്ത് കേരള ജല അതോറിറ്റിയുടെ ഓഫീസിൽ ഇവരെ വിളിച്ചുവരുത്തി ചർച്ച ചെയ്ത് പ്രവൃത്തി

പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശവും വാട്ടർ അതോറിറ്റി എം.ഡി.-ക്ക് നൽകി. പക്ഷെ എന്നിട്ടൊന്നും കാര്യമായി പ്രവൃത്തി മുന്നോട്ടുപോയില്ല. ആ സാഹചര്യത്തിലാണ് അവരെ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചത്. ടെർമിനേഷൻ കാലാവധി കഴിഞ്ഞ് റീ-ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയെന്നതാണ് അനിവാര്യമായിട്ടുള്ളത്. പക്ഷേ അവർ ചില കേസ്സുകളുമായി മുന്നോട്ടുപോയിട്ടുണ്ട്. പക്ഷെ ശബരിമലയിൽ വെള്ളം കൊടുക്കുകയെന്നതും ടി പദ്ധതി പൂർത്തീകരിക്കുകയെന്നതും ഈ ഗവൺമെന്റിന്റെ ലക്ഷ്യമാണ്. പ്രിയപ്പെട്ട മന്ത്രി ശ്രീ. രാധാകൃഷ്ണനും കൂടി ഉൾപ്പെട്ടുകൊണ്ട് തിരുവനന്തപുരത്ത് ഒരു മീറ്റിംഗ് ചേർന്നു. ഇത്തരം വിഷയങ്ങൾ വളരെ ഗൗരവപൂർവ്വം തന്നെയാണ് കാണുന്നത്. അവിടത്തെ വർക്കുകൾക്ക് റീ-ടെണ്ടർ ചെയ്യാനുള്ള കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് വളരെ പെട്ടെന്ന് റീ-ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കും. ശേഷിച്ച പ്രവൃത്തികൾ ചെയ്യുന്നതിനാവശ്യമായ തുടർനടപടിയും സ്വീകരിക്കും. കരാറുകാരൻ വരുത്തിയിരിക്കുന്ന വീഴ്ച സംസ്ഥാനത്തിന്റെ തന്നെ നമ്മുടെ പ്രവർത്തനത്തിന്റെ സദുദ്ദേശത്തെ ചോദ്യം ചെയ്യുന്നതായതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഇനി

തുടർപ്രവൃത്തികൾ കേരളത്തിൽ എടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകാതിരിക്കത്തക്ക സാഹചര്യം രൂപപ്പെടേണ്ട ഗൗരവതരമയ കാര്യമാണ് സൂചിപ്പിച്ചത്. അതിനെക്കുറിച്ച് പരിശോധിക്കാം,.

ആ മണ്ഡലത്തിലെ ജൽജീവൻ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യംകൂടി സബ്മിഷന്റെ ഭാഗമായി വന്നിട്ടുണ്ട്. ഈ മണ്ഡലത്തിൽ 665 കോടി രൂപയുടെ പൊതുവായിട്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അതിൽ കിഫ്ബി, ഡെപ്പോസിറ്റ്, ജെ.ജെ.എം. എന്നീ വർക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. ജെ.ജെ.എം. വർക്കിൽതന്നെ 648 കോടി രൂപയുടെ പ്രവർത്തനം നടക്കുന്നുണ്ട്. 5418 കണക്ഷനുകളാണ് ഇനി അവിടെ കൊടുക്കാനുള്ളത്. ആ നിലയിൽ അവിടെയുള്ള പ്രവർത്തനങ്ങൾ ഇതോടൊപ്പം മുന്നോട്ടുകൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. അത്യന്തം ഗൗരവമേറിയൊരു വിഷയമായതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പ് മന്ത്രിയെയും ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.യെയും ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.യെയുംകൂടി ഉൾപ്പെടുത്തി തിരുവനന്തപുരത്ത് ഒരു യോഗം വിളിച്ച് ചേർത്ത് തുടർ നടപടികൾക്ക് രൂപം നൽകുന്നതായിരിക്കും.

## 7. പെരിങ്ങോം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ആറ് പഞ്ചായത്തും ഒരു നഗരസഭയും ഉൾക്കൊള്ളുന്ന കർണ്ണാടക അതിർത്തി മുതൽ അറബിക്കടൽവരെയുള്ള വിസ്തൃതമായ മണ്ഡലമാണ് പയ്യന്നൂർ. 2014-ൽ ആരംഭിച്ച പയ്യന്നൂരിലെ ഏക ഉന്നതവിദ്യാഭ്യാസ കേന്ദ്രമാണ് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കുട്ടികൾ ആശ്രയിക്കുന്ന പെരിങ്ങോം ഗവൺമെന്റ് കോളേജ്. മൂന്ന് ഡിഗ്രി കോഴ്സുകളും ഒരു പി. ജി. കോഴ്സും മാത്രമാണ് അവിടെ നിലവിലുള്ളത്. പുതിയ കോഴ്സുകൾ ലഭിക്കേണ്ട വിഷയങ്ങളുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ചതുൾപ്പെടെ പന്ത്രണ്ട് ഏക്കർ ഭൂമി കോളേജിനായുണ്ട്. അതിനുചുറ്റുമതിലുണ്ടാക്കി സംരക്ഷിക്കേണ്ട ചുമതലയും ഇപ്പോൾ വന്നുചേർന്നിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബിയിൽനിന്ന് 9.27 കോടി രൂപയുടെ പദ്ധതി അനുവദിക്കുകയും ടെണ്ടർ നടപടി പൂർത്തീകരിക്കുകയും ചെയ്തിരുന്നു. L2 ആയി വന്ന യു.എൽ.സി.സി.എസ്. (ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) നിലവിലുള്ള ഗവൺമെന്റ് ഉത്തരവുപ്രകാരം പത്തുശതമാനം തുക വർദ്ധിപ്പിച്ചുതരണമെന്ന് ആവശ്യപ്പെട്ട് നിർവ്വഹണ ഏജൻസിയായ കിറ്റ്കോയെ സമീപിക്കുകയുണ്ടായി. കിറ്റ്കോ

ഗവൺമെന്റിനെ സമീപിച്ചു. കൊളീജിയേറ്റ് ഡയറക്ടറേറ്റിൽനിന്നും ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസം വന്നതിനാൽ 2016-ലെ ഡി.എസ്.ആർ. (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്) പ്രകാരം പ്രവൃത്തി ഏറ്റെടുത്തുനടത്താൻ യു.എൽ.സി.സി.എസ്. സന്നദ്ധമല്ലെന്ന നിലപാടാണ് സ്വീകരിച്ചത്. തുടർന്ന് 2018-ലെ ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ 11.38 കോടി രൂപയായി പദ്ധതി തുക ഉയർന്നു. അധികം വരുന്ന 2.11 കോടി രൂപയുടെ അനുമതിക്കായി കിറ്റ്കോ, കിഫ്ബിയിൽ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ട് കുറെ നാളുകളായി. അടിസ്ഥാന സൗകര്യം തീരെ കുറവായ പ്രസ്തുത കോളേജിൽ പദ്ധതി നടപ്പിലാക്കാൻ കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര ഇടപെടൽ വേണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, പെരിങ്ങോം ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 9.27 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഈ തുക കിഫ്ബി വഴി അനുവദിക്കുകയും ചെയ്തു. എന്നാൽ എസ്റ്റിമേറ്റ്

ഡി.എസ്.ആർ. 2018-ലേയ്ക്ക് മാറ്റി തയ്യാറാക്കിയപ്പോൾ 11.38 കോടിരൂപ ഈ പ്രോജക്ട് നടപ്പിലാക്കാൻ ആവശ്യമായി വരുമെന്നുകണ്ടു. പദ്ധതിയുടെ എസ്.പി.വി.-യായ കിറ്റ്കോ പുതുക്കിയ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2018 പ്രകാരം തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായാലുടൻതന്നെ ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

8. <u>നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം</u>

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, 2018 ആഗസ്റ്റ് 15-ന് പെയ്തിറങ്ങിയ മഴ 16-ാം തീയതി രാവിലെ ആകുമ്പോഴേയ്ക്കും എന്റെ നിയോജകമണ്ഡലത്തിലെ നെന്മാറ-നെല്ലിയാമ്പതി റോഡിലെ എൺപത് സ്ഥലത്ത് മലയിടിച്ചിലുണ്ടാകുകയും പാർശ്വഭിത്തി തകരുകയും പ്രധാന റോഡിലെ കുണ്ടറചോല പാലം ഒലിച്ചുപോയ അവസ്ഥയുണ്ടാകുകയും ചെയ്തിരുന്നു. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് അന്ന് ഒറ്റപ്പെട്ടുപോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും എൽ.ഡി.എഫ്. സർക്കാരിന്റെയും

ഇടപെടൽ ഒന്നുകൊണ്ടു മാത്രമാണ് ഹെലികോപ്റ്റർ വഴി ഭക്ഷ്യധാന്യവും മെഡിക്കൽ കിറ്റുമുൾപ്പെടെ എത്തിക്കാനും രോഗികളെയും ഗർഭിണികളെയും ഉൾപ്പെടെ വിവിധ ആശുപത്രികളിൽ കൊണ്ടെത്തിക്കാനും അനുകഴിഞ്ഞത്. തോട്ടം തൊഴിലാളികളും വിവിധ വകുപ്പുകളും സന്നദ്ധസംഘടന പ്രവർത്തകരും ഒത്തുചേർന്നപ്പോൾ കേവലം പത്തുദിവസംകൊണ്ട് താൽക്കാലികമായി റോഡ് പുനഃസ്ഥാപിക്കാനും ഗതാഗതയോഗ്യമാക്കാനും കഴിഞ്ഞിരുന്നു. പൊതുമരാമത്ത് വകുപ്പ് ഒരു വർഷം കൊണ്ടാണ് ഒലിച്ചുപോയ കുണ്ടറചോല പാലം പുതിയതായി നിർമ്മിക്കുകയും മൂന്ന് പ്രദേശങ്ങളിലെ പാർശ്വഭിത്തികളുടെ പ്രവർത്തനമൊഴികെ ബാക്കിയെല്ലാം താൽക്കാലികമായി പൂർത്തീകരിക്കുകയും ചെയ്തത്. പാർശ്വഭിത്തി തകർന്ന മൂന്നിടങ്ങളിലും ഇപ്പോഴും താൽക്കാലികമായ കൈവരികൾമാത്രമാണ് നിലനിൽക്കുന്നത്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും റോഡ് പുനർനിർമ്മാണവുമായി പി.ഡബ്ല്യൂ.ഡി. മുന്നോട്ടുപോകുമ്പോഴാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി.യുടെ ചുമതലയിൽ മുപ്പതു കിലോമീറ്റർ ദൈർഘ്യമുള്ള നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം ഏറ്റെടുത്തതായും ടെണ്ടർ നടപടിയുൾപ്പെടെ

പൂർത്തീകരിച്ചതായും അറിയുന്നത്. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ അധിവസിക്കുന്ന ജനങ്ങളുൾപ്പെടെ നൂറുകണക്കിന് വാഹനങ്ങളാണ് യാത്രാസൗകര്യത്തിനായി പ്രസ്തുത റോഡ് ഉപയോഗിക്കുന്നത്. പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ ഒഴിവുദിവസങ്ങളിൽ നെന്മാറ നിയോജകമണ്ഡലത്തിലെ നെല്ലിയാമ്പതിയിലേയ്ക്ക് ആയിരക്കണക്കിന് വാഹനങ്ങളും പതിനായിരത്തോളം ആളുകളുമാണ് എത്തിച്ചേരുന്നത്. ഇപ്പോഴും മഴ തുടർന്നുകൊണ്ടേയിരിക്കുകയാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി.യുടെ ചുമതലയിൽ ടെണ്ടർ നടപടി വരെ പൂർത്തീകരിച്ച മുപ്പത് കിലോമീറ്റർ ദൈർഘ്യമുള്ള നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം അടിയന്തരമായി ആരംഭിക്കാനും പൂർത്തീകരിക്കാനുമാവശ്യമായ നടപടിയുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട ശ്രീ. കെ. ബാബു (നെന്മാറ) നെല്ലിയാമ്പതി പഞ്ചായത്തുമായി ബന്ധപ്പെട്ട് ഉന്നയിച്ചത് വളരെ ന്യായമായ വിഷയമാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ

ഉൾപ്പെടുത്തി 07-01-2022-ൽ M/s. Radiance Realty Developers India Limited എന്ന കമ്പനിക്ക് അവാർഡ് ചെയ്ത പ്രവൃത്തി ഏറ്റെടുക്കാൻ കഴിയില്ലെന്ന് കമ്പനി 11-01-2022-ൽ അറിയിച്ചു. കമ്പനിക്കെതിരെ നടപടി ആരംഭിച്ചപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൻപ്രകാരം അടുത്ത ലോവസ്റ്റ് ബിഡ്ഡർക്ക് വർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയായിരുന്നു. എന്നാൽ 9.56 കോടി രൂപയുടെ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഒഴിവാക്കി M/s. Radiance Realty Developers India Limited എന്ന കമ്പനി ഇരുപത്തിയെട്ട് ദിവസത്തിനകം എഗ്രിമെന്റ് വയ്ക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 27-06-2022-ൽ ഉത്തരവിറക്കുകയാണ് ചെയ്തത്. പെർഫോമൻസ് ഗ്യാരണ്ടിയില്ലാതെ പ്രവൃത്തി നടത്തുവാനുള്ള ഉത്തരവിനെതിരെ കെ.എസ്.ടി.പി. അപ്പീൽ നടപടി സ്വീകരിച്ചുവരുന്നു. അത് വേഗത്തിൽ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കും. ഈ വിഷയം പ്രത്യേകമായി പരിശോധിക്കുവാൻ കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

9. ബിനാച്ചി - പനമരം റോഡ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്ന ബിനാച്ചി-പനമരം ഇരുപത്തിരണ്ട് കിലോമീറ്റർ റോഡ് മാനന്തവാടി നിയോജകമണ്ഡലംകൂടി ബന്ധിപ്പിക്കുന്നതാണ്. മാത്രമല്ല ബത്തേരി മുനിസിപ്പാലിറ്റിയെയും മീനങ്ങാടി, പൂതാടി, കണിയാംപറ്റ, പനമരം എന്നീ അഞ്ച് പഞ്ചായത്തുകളെയും ബന്ധിപ്പിക്കുന്ന റോഡാണ്. ഇക്കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. അങ്ങ് നേരിട്ട് ആ റോഡ് സന്ദർശിച്ചതാണ്. 2016-ലാണ് ഭരണാനുമതി ലഭിക്കുന്നത്. 2018-ലാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത്. തമിഴ്നാട്ടിലുള്ള RS Development and Constructions India Private Limited ആണ് ടെണ്ടർ എടുത്തിരിക്കുന്നത്. പന്ത്രണ്ട് മാസ കാലാവധിക്കാണ് ടെണ്ടർ ഉറപ്പിച്ചത്. പ്രവൃത്തി കൃത്യമായി പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ട് രണ്ടുതവണ അവർക്ക് കാലാവധി നീട്ടികൊടുക്കുകയാണ് ചെയ്തത്. 2022 ആയിട്ടും മുപ്പതുശതമാനം പ്രവൃത്തികൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഞാൻ 24-02-2022-ന് ബഹുമാനപ്പെട്ട മന്ത്രിക്ക് കത്തയച്ചു. അദ്ദേഹം മുഖവിലയ്ക്കെടുത്തിട്ടുണ്ട്. മാത്രമല്ല അദ്ദേഹം റോഡ് സന്ദർശിക്കുകയും

അഞ്ചു തവണ റിവ്യൂ മീറ്റിംഗ് വിളിക്കുകയും ചെയ്തിട്ടുണ്ട്. ആ മീറ്റിംഗിൽ എടുത്തിട്ടുള്ള തീരുമാനങ്ങളൊന്നും കൃത്യമായി ഉദ്യോഗസ്ഥർ നടപ്പാക്കാൻ തയ്യാറായിട്ടില്ലയെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇപ്പോഴത്തെ പ്രശ്നമെന്തെന്നാൽ നാട്ടുകാരും വിദ്യാർത്ഥികളും വ്യാപാരികളും പ്രതിഷേധത്തിലാണ്. ഉദ്യോഗസ്ഥരുടെ അനാസ്ഥ അവിടെയുണ്ട്. സത്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ മോശമാക്കുന്നതിനുവേണ്ടിയാണോ ഉദ്യോഗസ്ഥർ ഇത്തരത്തിലുള്ള അനാസ്ഥ കാണിക്കുന്നത് അതോ ടെണ്ടർ എടുത്ത കമ്പനിയെ ഭയപ്പെട്ടിട്ടാണോയെന്ന് ഞാൻ സംശയിക്കുന്നു. പ്രവൃത്തി തുടങ്ങിയ ഭാഗം അവർ പൂർത്തീകരിക്കട്ടെയെന്നും ബാക്കിയുള്ള ഏതാണ്ട് പതിനൊന്ന് കിലോമീറ്റർ റീ-ടെണ്ടർ നടത്താമെന്നും അവസാനം മന്ത്രി പറഞ്ഞു. റീ-ടെണ്ടർ നടത്താനുള്ള നടപടിയുമായി ബന്ധപ്പെട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നാണ് കിഫ്ബിയുടെ ഉദ്യോഗസ്ഥർ പറഞ്ഞത്. അതോടൊപ്പംതന്നെ ബാക്കി ഭാഗം റീ-ടെണ്ടർ ചെയ്യുമ്പോൾ, ഇവർ പ്രവൃത്തി തുടങ്ങിയ ഭാഗം ഇഴഞ്ഞ് നീങ്ങുകയാണ്. റീ-ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ബാക്കി ഭാഗം ഇഴഞ്ഞുനീങ്ങുകയും ചെയ്യും. അതുകൊണ്ട് ഈ കമ്പനിയെ പൂർണ്ണമായും

ഒഴിവാക്കി ആ റോഡ് മുഴുവനായും റീ-ടെണ്ടർ ചെയ്യണം. മാത്രമല്ല റീ-ടെണ്ടർ ചെയ്യുമ്പോൾ ഒരു പ്രശ്നമുള്ളത് അന്ന് അങ്ങ് പറഞ്ഞതുപോലെ ഒരു കിലോമീറ്റർ റോഡ്, പൂതാടി പഞ്ചായത്ത് ഹെഡ് ക്വാർട്ടേഴ്സ് റോഡിൽ ഒരു കിലോമീറ്റർ വിട്ടുപോയിട്ടുണ്ട്. അതുകൂടി ഉൾപ്പെടുത്തി റീ-ടെണ്ടർ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ സഭയെ അറിയിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സുൽത്താൻ ബത്തേരി അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഉന്നയിച്ച ഈ വിഷയത്തിൽ ഞങ്ങൾ നിരന്തരം ഇടപെട്ടതാണ്. നിയമസഭയിലും ഈ വിഷയം ചൂണ്ടിക്കാട്ടിയിരുന്നു. കഴിഞ്ഞ 10 മാസമായി വളരെ ഫലപ്രദമായി ജില്ലകളിൽ വകുപ്പുകളുടെ ഏകോപനത്തിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് മുൻകയ്യെടുത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്) കൺവീനറും ജില്ലാ കളക്ടർ ചെയർമാനുമായ ഡി.ഐ.സി.സി. (ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി) ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ആ യോഗത്തിൽ ഞാനും നേരിട്ട് പങ്കെടുത്ത് ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനം

കൈക്കൊണ്ടതാണ്. ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ കിഫ്ബി സസ്പെന്റ് ചെയ്ത വർക്കാണിത്. അവിടെ പോയി പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അന്നത്തെ അവസ്ഥ എന്തായിരുന്നെന്ന് ബഹുമാനപ്പെട്ട അംഗത്തിനും ഓർമ്മയുണ്ടാകും, വളരെ ദയനീയാവസ്ഥയായിരുന്നു. തുടർന്ന് പ്രത്യേകമായി പരിശോധിക്കുകയും ഇടപെടുകയും ചെയ്ത റോഡാണിത്. കിഫ്ബിയുമായി നടത്തിയ നിരന്തര ചർച്ചകൾക്കൊടുവിൽ 2021 സെപ്തംബറിൽ പ്രവൃത്തി പുനരാരംഭിക്കാൻ അനുമതി ലഭിക്കുകയായിരുന്നു. കരാറുകാരന്റെ മെല്ലെപ്പോക്കുകാരണം ആകെ പ്രവൃത്തി നടത്തേണ്ടിയിരുന്ന 22 കിലോമീറ്ററിൽ 12.86 കിലോമീറ്റർ വർക്കിന്റെ ചുമതലമാത്രം ആ കരാറുകാരനെ ഏൽപ്പിച്ചു. അതിൽ 11.71 കിലോമീറ്റർ ഡി.ബി.എം. (Dense Bituminous Macadam)പൂർത്തീകരിച്ചു. ട്രാഫിക്കബിളല്ലാത്ത ഒരു മേഖലയിൽ മാറ്റം സാധ്യമാക്കാനായിയെന്ന് ഇപ്പോൾ പറയാനാകില്ല, എന്നാൽ പൂർണ്ണമായിട്ടില്ല. കേണിച്ചിറ ടൗൺ ഉൾപ്പെടുന്ന 1.15 കിലോ മീറ്ററാണ് ബാക്കി നിൽക്കുന്നത്. അവിടെ ഡ്രെയിനേജടക്കം പണിയുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടത്താൻ 1,52,00,000 രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ആ

സാഹചര്യത്തിൽ ഈ മേഖലയിലും വർക്ക് നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതും കൃത്യമായി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 10 കിലോമീറ്ററോളം റോഡ് 32,56,00,000 രൂപയ്ക്ക് ടെണ്ടർ ചെയ്തിരിക്കുകയാണ്. ജൂലൈ 30-ന് ടെണ്ടർ നടപടി പൂർത്തിയാക്കും. ആ പ്രവൃത്തി ഷെഡ്യൂൾ തയ്യാറാക്കി പൂർത്തിയാക്കും. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ജനങ്ങൾക്ക് പ്രയാസകരമാകുന്ന നിലപാട് ഏതെങ്കിലും ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിനെതിരെ കണിശമായ നിലപാട് സ്വീകരിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുപോകും. തെറ്റായ പ്രവണതകളോട് ഒരുതരത്തിലും സന്ധിചെയ്യാത്ത നിലപാടാണ് ഞങ്ങൾക്കുള്ളത്. അതിൽ ബഹുമാനപ്പെട്ട എം.എൽ.എ.യെയും ഇതുമായി യോജിക്കാവുന്ന എല്ലാവരെയും യോജിപ്പിച്ചുകൊണ്ട് തെറ്റായ രീതിയിൽ പോകുന്നവരെ തിരുത്തുന്ന നിലപാട് തുടരുമെന്നതും സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## 10. മലപ്പുറത്തെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി

ശ്രീ. പി. ഉബൈദുള്ള: സർ, പൊതുമരാമത്ത് വകുപ്പിന്റെ നിശ്ചിത മാനദണ്ഡങ്ങളുള്ള സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കേണ്ടതിന്റെയും ആവശ്യകത സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തെ റോഡ് ശൃംഖലയിൽ 2020-21-ലെ കണക്കുപ്രകാരം 83.74 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളാണ്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിലുൾപ്പെട്ട ധാരാളം റോഡുകൾ പി.ഡബ്ല്യു.ഡി. നിലവാരമുള്ളതാണ്. ഇത്തരം റോഡുകളുടെ മെയിന്റനൻസ് ഒരു പ്രശ്നമായി നിലനിൽക്കുന്ന സാഹചര്യത്തിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നോൺപ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് വൺടൈം സെറ്റിൽമെന്റായി പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിച്ചിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി നിരവധി റോഡുകൾ മെച്ചപ്പെടുത്താൻ സാധിച്ചു. എന്നാൽ ഈ സർക്കാർ

അധികാരത്തിൽവന്നശേഷം ഇത്തരം ഫണ്ടുകൾ അനുവദിച്ചിട്ടില്ല. മുൻസർക്കാരിന്റെ അവസാനകാലത്താരംഭിച്ച മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയും നിർത്തിവച്ചിരിക്കുകയാണ്. 1000 കോടി രൂപ റോഡ് നവീകരണപ്രവൃത്തികൾക്ക് നീക്കിവച്ചിരുന്നെങ്കിലും ഇപ്പോൾ ഈ പദ്ധതിയിൽ പുതിയതായി ഫണ്ട് അനുവദിക്കുന്നില്ലെന്നാണ് അറിയുന്നത്. കാലവർഷക്കെടുതിയിൽപ്പെട്ട് തകരുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ലഭിക്കുന്ന വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടുകൾ പലപ്പോഴും അപര്യാപ്തമാകുന്ന ഘട്ടത്തിൽ ഇത് വലിയൊരു ആശ്വാസമായിരുന്നു. റോഡുകളുടെ മെയിന്റനൻസിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ചിട്ടുള്ള വിഹിതവും വെട്ടിക്കുറച്ച സാഹചര്യത്തിൽ ഇത്തരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിക്കണമെന്നും മലപ്പുറം നിയോജകമണ്ഡലത്തിലെ ആനക്കടവ്-ഉമ്മത്തൂർ-മുണ്ടക്കോട്-ചാഞ്ഞാൽ റോഡ്, തൃപ്പനച്ചി-മീൻചിറ-കാവനൂർ റോഡ്, മോങ്ങം-അരിമ്പ്ര റോഡ്, കടമ്പോട്-മുള്ളറങ്ങാട് റോഡ് ചെമ്മങ്കടവ്-ഒറ്റത്തറ-പൊന്മല റോഡ്

എന്നീ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് - വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയമാണ് ശ്രീ. ഉബൈദുള്ള സബ്മിഷനായി ഉന്നയിച്ചിട്ടുള്ളത്. പല എം.എൽ.എ.മാരും വ്യക്തിപരമായി പറയുന്നൊരു വിഷയമാണിത്. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം നിലവിലെ റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയെന്നുള്ളതാണ് പ്രധാനം. അതില്ലെങ്കിലുള്ള പ്രയാസം എന്താണെന്ന് ഇന്നത്തെ ദിവസം ഞാൻ പറഞ്ഞുതരേണ്ടതില്ലല്ലോ; മൂന്നുലക്ഷത്തോളം കിലോമീറ്റർ റോഡുകളാണ് സംസ്ഥാനത്തുള്ളത്. അതിൽ പി.ഡബ്ല്യു.ഡി. റോഡ് 29522 കിലോമീറ്ററാണ്, അതായത് പത്തിലൊന്ന്. സമീപ ദിവസങ്ങളിലുണ്ടായ സംഭവവികാസങ്ങളും ചർച്ചകളും ഒരു കാര്യത്തിൽ വളരെ പോസിറ്റീവായി, ഇതിലൂടെ റോഡുകളുടെ വ്യത്യസ്തമായ കിലോമീറ്ററുകളും അതുമായി ബന്ധപ്പെട്ട കുറേകാര്യങ്ങൾ പൊതുസമൂഹത്തിന് ബോദ്ധ്യപ്പെട്ടു. കേരളത്തിലെ 270000 കിലോമീറ്റർ

റോഡുകൾ പി.ഡബ്ല്യു.ഡി. റോഡുകളല്ലെന്നത് പലർക്കുമൊരു പുതിയ അറിവാണ്, റോഡുകളെന്നാൽ പി.ഡബ്ല്യു.ഡി.യുടേതെന്നതാണ് സംസ്ഥാനത്തിന്റെ പൊതുബോധം. അതുകൊണ്ട് ഏത് റോഡിന് എന്ത് പ്രയാസമുണ്ടായാലും പ്രധാനപ്പെട്ട പത്രമാധ്യമങ്ങളുൾപ്പെടെ വിരൽചൂണ്ടുന്നത് പി.ഡബ്ല്യു.ഡി.-ക്കെതിരെയാണ്. വകുപ്പിനെ സംബന്ധിച്ചിടത്തോളം ഉള്ള റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്താനുള്ള ഊന്നലാണ് പ്രധാനമായും നൽകുന്നത്. ആ നിലയിൽ ബി.എം.ആൻഡ് ബി.സി. റോഡുകളാക്കി മാറ്റാനുള്ള ശ്രമമാണ് നടത്തുന്നത്. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളെ നല്ല നിലവാരത്തിലേയ്ക്കുയർത്താനാണ് ഇപ്പോൾ ശ്രമിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഏഴോ എട്ടോ മാസം മഴ പെയ്താൽ വെള്ളം വന്ന് റോഡുകൾ കുതിരുന്ന സ്ഥിതിയാണുള്ളത്. ഗ്രൗണ്ട് ലെവൽ ഉയർത്തി റോഡ് നിർമ്മിച്ചാൽ അത് പരിഹരിക്കാൻ സാധിക്കും. പക്ഷേ സംസ്ഥാനത്ത് അത് സാധിക്കില്ല. വീടുകളിൽ വെള്ളം കയറുന്നതുപോലുള്ള പ്രശ്നമുണ്ട്. അതിനാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കൂടുതൽ കാലം നിലനിൽക്കുന്ന റോഡുകൾ നിർമ്മിക്കാനുള്ള പുതിയ സംവിധാനത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

പരമാവധി റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്കുയർത്തുന്ന പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. 50 ശതമാനത്തിലധികം റോഡുകൾ ബി.എം.&ബി.സി.യാക്കി മാറ്റാം. ഓരോ വർഷവും എത്ര കിലോമീറ്റർ റോഡുകൾ ബി.എം.&ബി.സി.യാക്കണമെന്ന് ഇപ്പോഴേ നിശ്ചയിച്ചിട്ടുണ്ട്. അടുത്ത വർഷം മാർച്ച് വരെ ഇത്ര കിലോമീറ്റർ ചെയ്യാം, അതിനടുത്ത വർഷം ഇത്ര കിലോമീറ്റർ ചെയ്യാം, അങ്ങനെ പ്ലാൻ ചെയ്തുപോയാൽ ഇത് നടപ്പിലാക്കാൻ സാധിക്കും. അതിനുപുറമെ തദ്ദേശസ്വയംഭരണ റോഡുകൾ ഏറ്റെടുക്കുന്ന വിഷയം പൊതുവായ ചർച്ചയ്ക്ക് വിധേയമാക്കണം. പക്ഷേ ഞങ്ങളുടെ മുമ്പിലുള്ള പ്രശ്നം, നിലവിലുള്ള റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയെന്നതാണ്. അതെങ്ങനെ ചെയ്യാമെന്നത് സംബന്ധിച്ചാണ് നമ്മൾ ഒറ്റക്കെട്ടായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ബാക്കി കാര്യങ്ങൾ നമുക്ക് ചർച്ച ചെയ്യാം. നിലവിലുള്ള റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ ഒറ്റക്കെട്ടായി നിൽക്കാമെന്നാണ് ഇപ്പോൾ നമ്മൾ തീരുമാനിച്ചിട്ടുള്ളത്. അത് ചെയ്യുന്നതിനിടയിൽ ഇക്കാര്യം എങ്ങനെയെന്നുള്ളത് ചർച്ച ചെയ്യാം.